KOTTAYAM PUBLIC LIBRARY

Call No. ൨൯൪.൫൩൪ Acc. No. 72871
NAR. S.

Author നാരായണൻ

Title ശ്രീനാരായണഗുരു[illegible]

294
NAR S

938

229 A

# ശ്രീനാരായണ കാവ്യതീർത്ഥം

(അനുകമ്പാദശകത്തിലെ രഹസ്യങ്ങൾകൂടി ചേർന്നതു്)

KOTTAYAM PUBLIC LIBRARY KOTTAYAM
72871
THRANGA SEVANA SAMAJAM & READING ROOM
MANGANAM.
ANATHANAM

Published By

കുമാരസ്വാമിസന്യാസി

പ്രസിഡൻറു്:
വർക്കല ശ്രീനാരായണ ധർമ്മ പ്രചരണസഭ,
ആഫീസ്: എറണാകുളം.

പ്രസിദ്ധീകരണം No. 110

കഴിഞ്ഞ 31 വർഷങ്ങളായി വളരെയധികം പ്രസിദ്ധീകരണങ്ങൾ
പുറത്തിറക്കിക്കൊണ്ടിരിക്കുന്ന ഏക ധാർമ്മികപ്രസ്ഥ[illegible]

വില: 60.p

# SREE NARAYANA KAVYATHEERTHAM

*Address:-*

Kumaraswamy Sannyasi

President

Varkala Sree Narayana Dharma Pracharana Sabha,

Office: Ernakulam.

Copies: 1000

Right: Kumaraswamy Sannyasi

Date: 27-3-1966

Printed at B. B Press, N. Parur

294.5304

NAR.S

THYAGA SEVANA S... & READING ROOM

ANATHANAM

For the favour of Review

To

The Editor

"Manorama"

Kottayam

28-1-68

# ശ്രീനാരായണ കാവ്യതീർത്ഥത്തിനു

# സ്വാഗതം

"ശ്രീനാരായണ സാഹിത്യം" എന്നൊരു ഓമന നാമധേയം ഈയിടെയായി മലയാളഭാഷാ സാഹിത്യ വേദികളിൽ കേൾക്കാറുണ്ട്; എന്നാൽ ആ സാഹിത്യം എങ്ങിനെയുള്ളതാണെന്ന് അനുവാചകർക്കു മനസ്സിലാക്കാൻ ഉതകുന്ന വിശദീകരണങ്ങളൊന്നും ഉണ്ടായിട്ടില്ല.

ഇക്കൊല്ലത്തെ (1141 ചിങ്ങം) ശ്രീനാരായണ ജയന്തി പ്രമാണിച്ച് ശ്രീ. സുകുമാരൻ പൊററെക്കാട്ട് ചെയ്തിരിക്കുന്ന റേഡിയോ പ്രഭാഷണത്തിന്റെ കൈയെഴുത്ത്, വർക്കല ശ്രീനാരായണ ധർമ്മപ്രചരണസഭയുടെ ഒരു പ്രസിദ്ധീകരണമായി പ്രിൻറുചെയ്യുന്നതിനു ശ്രീ. സുകുമാരൻ സദയം അനുവദിച്ചിരിക്കുന്നു. ഈ പ്രഭാഷണം വായിച്ചാൽ മലയാള സാഹിത്യത്തിൽ ഗുരുസ്വാമിയുടെ കവിതകൾക്കുള്ള സ്ഥാനം ഗ്രഹിക്കുവാനും ആ കവിതകളിൽ ഉയർന്നു നില്ക്കുന്ന ആത്മീയ ഭാവനകളുടെ അതുല്യമായ ശബ്ദമാധുരി ആസ്വദിക്കുവാനും ജിജ്ഞാസ ജനിക്കുന്നതായിരിക്കും

ഹൈന്ദവമത സാഹിത്യക്കാനനത്തിൽ തന്നെ ജന്മമെടുത്തിരിക്കുന്ന ഈ ശ്രീനാരായണ കൃതികളിൽ, മത സാഹിത്യക്കാനനങ്ങളിലുള്ള വിഷ വൃക്ഷങ്ങളെ വെട്ടിക്കളയാനുള്ള ഖഡ്ഗങ്ങളും, മുള്ളുനിറഞ്ഞ കാട്ടും പടലും ചുട്ടെരിക്കാനുള്ള ആഗ്നേയാസ്ത്രങ്ങളും, ധീരന്മാരായസാഹിത്യ സേനാനികൾക്ക് തയാറാക്കാൻ വേണ്ടുവോളം സാമഗ്രികളുണ്ട്.

പുതിയ പദ്ധതികളിൽ കൂടി ഒരു ശുദ്ധീകരണം നടത്തിയാൽ മാത്രമേ മത സാഹിത്യ വനങ്ങൾ മാനസോല്ലാസ ജനകങ്ങളായ പുഷ്പവാടികളായിമാറുകയുള്ളു.

ഈ കാവ്യതീർത്ഥം പ്രസിദ്ധീകരിക്കുന്നതിനു അനുവദിച്ചതിനു ഈ സഭയുടെ പേരിൽ ശ്രീ. പൊററെക്കാട്ടിനോടുള്ള ഹാർദ്ദവമായ നന്ദി ഞങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു

ഇതിനോട് അനുബന്ധമായി **അനുകമ്പാദശകത്തിലെ രഹസ്യങ്ങൾ** എന്നൊരു ഭാഗം ഇതിൽ ചേർത്തിട്ടുണ്ട്. ഗുരുദേവന്റെ കൃതികളിലോരോന്നിലും ഇങ്ങിനെ വിശദീകരണത്തിന് അർഹങ്ങളായ തത്വങ്ങളുണ്ട് അതൊക്കെ പിന്നീടൊരു സന്ദർഭത്തിൽ എഴുതുന്നതാണ്. (കുമാരസ്വാമി സന്യാസി)

## സഭയുടെ കൃതജ്ഞത

# പ്രത്യേകം

ഈ ചെറുപുസ്തകം കാലതാമസമെന്യേ അച്ചടിച്ചുതന്ന പ്രിന്റേർസ് ബി. ബി. പ്രസ്സ് പ്രവൃത്തകരോടുള്ള നന്ദി ആദ്യമായി ഇവിടെ രേഖപ്പെടുത്തുന്നു.

സഭയുടെ പല പുസ്തകങ്ങളും ധാർമ്മികബുദ്ധിയുക്തരായ ആദർശഭക്തന്മാരുടെ സംഭാവനകളെക്കൊണ്ട് പുറത്തുവന്നിട്ടുള്ളതാണ്. അതുപോലെ ഈ പുസ്തകവും ഇടപ്പള്ളി പോണേക്കരയിൽ ചെട്ടിപ്പറമ്പിൽ എം. അച്യുതൻകുട്ടി അവർകളുടെ മകൻ **ശ്രീ സി. എ. മാധവന്റെ** ചിലവിലാണ് അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്--സഭയുടെ പേരിൽ ശ്രീ. മാധവനു ഹൃദയംഗമമായ കൃതജ്ഞത ഞങ്ങൾ ഇവിടെ രേഖപ്പെടുത്തുകയും ഭാവി ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പിതാവ് ഇപ്പോൾ വാർദ്ധക്യസഹജമായ ക്ഷീണത്താൽ സ്വസ്ഥനായിരിക്കുന്നു എന്നിരുന്നാലും അദ്ദേഹത്തിന്റെ ജീവിതത്തിനു മായാത്തൊരു ചരിത്രമുണ്ട്.

കേരളത്തിൽ ശ്രീനാരായണാദർശങ്ങൾ പ്രസംഗിക്കുന്നവരും എഴുതുന്നവരും ഏത്രയോ ഉണ്ട്. നിരവധി ശാഖായോഗങ്ങളുണ്ട്. ഏതൊരു കരയിലെങ്കിലും സ്വാമിയുടെ ഉപദേശമനുസരിച്ച് മരണാനന്തരക്രിയകളും വിവാഹങ്ങളും നടത്തുന്നതായി അറിയുന്നില്ല.

പോണയിൽ അച്ചുക്കുട്ടി എന്നറിയപ്പെടുന്ന ഈ ധീരാത്മാവിന്റെ ശാസനാശക്തിയുടെ ഫലമായി പരിഷ്ക്കരിച്ച രീതിയിൽ മരണാനന്തരക്രിയകളും വിവാഹങ്ങളും ഇടപ്പള്ളിയിൽ നടന്നുവരുന്നു. സാമ്പത്തികമായി ശേഷികുറഞ്ഞ കുടുംബങ്ങൾക്ക് ഒരനുഗ്രഹമാണ് ഈ പരിഷ്ക്കാരങ്ങൾ.

ഗുരുവിന്റെ ആജ്ഞകളെ പാലിക്കുന്നതാണ് യഥാർത്ഥ ഗുരുപൂജ എന്നു ഭക്തജനങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണ്.

Ernakulam,
27-3-1966

എക്സിക്യൂട്ടീവ് കമ്മററിമെമ്പേഴ്സ്
വക്കല ശ്രീനാരായണ ധർമ്മപ്രചരണസഭ

1941 ചിങ്ങത്തിലെ
ശ്രീനാരായണ ജയന്തി പ്രമാണിച്ച്
കോഴിക്കോട്ട് റേഡിയോ നിലയത്തിൽവെച്ച്
ശ്രീനാരായണഗുരു വിരചിതങ്ങളായ
കവിതാസമാഹാരത്തെ പരാമർശിച്ച്
ശ്രീ. സുകുമാരൻ പൊറ്റെക്കാട്ട് ചെയ്ത
പ്രഭാഷണം.

# ശ്രീനാരായണകാവ്യതീർത്ഥം

## — സമഭാവന പുലരുന്ന ഒരു മനുഷ്യസമുദായം —

നൂറുകൊല്ലങ്ങൾക്ക് മുൻമ്പു തിരുവനന്തപുരത്തിനടുത്തു ചെമ്പഴന്തിയിൽ ഭൂജാതനായ ഒരു കുട്ടിയുടെ ഭാവനയിൽ അങ്ങിനെയൊരു മംഗളസ്വപ്നം ഉദയംകൊണ്ടു. അതിൻെറ സാക്ഷാൽകാരത്തിനുവേണ്ടി നയിച്ച ഒരു തീർത്ഥയാത്രയായിരുന്നു ശ്രീ നാരായണഗുരുവിൻെറ ജീവിതം.

നൂററാണ്ടുകളായി അടിഞ്ഞുകൂടിയ സമുദായങ്ങളിലെ മാലിന്യങ്ങളോടും ജീവിതത്തിലെ നിമ്നോന്നതാവസ്ഥക്

ളോട്ടം മല്ലിട്ടുകൊണ്ടു 42 കൊല്ലങ്ങളോളം ആ മഹാ പുരുഷന്റെ പാദങ്ങൾ ഈ മണ്ണിലൂടെ സഞ്ചരിച്ചു;

അതിന്റെ സുവർണമുദ്രകൾ കാലത്തിന്റെ മണൽത്തിട്ടുകളിൽ ഇപ്പോഴും മായാതെ പതിഞ്ഞുകിടക്കുന്നുണ്ടു. അവ തേടിപ്പിടിച്ചു വ്യാഖ്യാനിക്കുന്നവർക്കു മാർഗ്ഗദർശകമായ ഒരു ചൂണ്ടുപലകയാണു് ഗുരുവിന്റെ നിത്യഭാസുരമായ സാഹിത്യകൃതികൾ. ചൂണ്ടുപലകക്കു അതർഹിക്കുന്നതിലേറെ പ്രാധാന്യം കല്പിക്കേണ്ടതില്ല. ആയുസ്സും, വപുസ്സും, തപസ്സും അന്യർക്കു ഗുണംചെയ്യുന്നതിനുവേണ്ടി ബലിയർപ്പിച്ചു, ഈ കേരളത്തിന്റെ പാരമ്പര്യം തിരുത്തിയെഴുതിയ ആ കർമ്മയോഗിയുടെ സന്നിധിയിൽ, കെടാത്തതെങ്കിലും ഒരു ചെറിയ കൈത്തിരി കത്തിച്ചുവെയ്ക്കുക മാത്രമേ ആ സാഹിത്യകൃതികൾ ചെയ്യുന്നുള്ളു. തന്റെ വിപ്ലവാശയങ്ങളും സാമൂഹ്യപരിഷ്കാരതത്വങ്ങളും സാഹിത്യത്തിലൂടെ ആവിഷ്കരിച്ചിരുന്ന ജീവിതത്തെ ഒരു പുതിയ പന്ഥാവിലേക്കു് തിരിച്ചുവിടാമെന്ന ഉദ്ദേശം അവയുടെ പിന്നിലുണ്ടെന്നു തോന്നുന്നില്ല. ജീവിതസന്ദേശത്തിന്റെ ചില സ്ഫുരണങ്ങൾ അബോധപൂർവ്വകമായ പ്രവർത്തനംകൊണ്ടെന്നപോലെ കവിതകളിൽ പ്രതിഫലിച്ചിരിക്കുകയാണു്.

ജന്മനാ അദ്ദേഹം ഒരു കവിയും കർമ്മയോഗിയുമായിരുന്നു. നൈസർഗ്ഗികമായ വാസനയുടെ സന്താനങ്ങൾ മാത്രമാണവ – പലസന്ദർഭങ്ങളിലായി ആ മഹാ പ്രതിഭയിൽനിന്നുതെറ്റിത്തെറിച്ച കവന ശകലങ്ങൾ, അവധൂതകാലവും, തപശ്ചര്യാകാലവും പിന്നീട്ടു് സമുദായോദ്ധാരണപരമായ പ്രവർത്തനങ്ങളിലേക്കു നീങ്ങിയശേഷം ചില യാദൃച്ഛികാവസരങ്ങളിൽ മാത്രമേ ഗുരു കവിതാരചനയ്ക്കു് മുതിർന്നിട്ടുള്ളു. ശിഷ്യന്മാരുടേയും ഭക്തന്മാരുടേയും ആവശ്യപ്രകാരം പറഞ്ഞുകൊടുത്ത മട്ടിൽ ആവിർഭവിച്ചതാണു് പ്രസ്തുത കൃതികളെല്ലാം.

നിയതമായ ഒരു പരിപാടിയോടുകൂടി ഗുരു ഒരിക്കലും കാവ്യോപാസന നടത്തുകയുണ്ടായിട്ടില്ല. അങ്ങിനെ ചെയ്യാത്തതുമൂലം മലയാളത്തിലേയും സംസ്കൃതത്തിലേയും തമിഴിലേയും സാഹിത്യശാഖകൾക്ക് എത്രമാത്രം നഷ്ടംസംഭവിച്ചു പോയെന്നുള്ള വിചിന്തനം ഇവിടെ അസ്ഥാനത്തായിരിക്കും. പരോപകാരപ്രവണമായ കർമ്മങ്ങൾ നിർവ്വഹിച്ചതിനിടക്ക് ആ കൃപാലുവിൻെറ പ്രതിഭയിൽനിന്ന് ഉതിർമണികൾപോലെ ചില കവനതല്ലജങ്ങൾ ഭാഷക്ക് സിദ്ധിച്ചതാണ്. അക്ലിഷ്ടമനോഹരമായ രചനയുടേയും തികഞ്ഞ ആശയപുഷ്ടിയുടേയും ഉത്തമ നിദർശനമായ ആ കവനങ്ങൾ കൈരളിയുടെ കണ്ഠാഭരണങ്ങളായി അവശേഷിക്കുന്നു.

കവിതയിലൂടെ കടന്നുവന്ന ആ ജീവിതത്തിലെ കാവ്യരചന വളരെ അപ്രധാനമായ ഒരു ഘടകമായിരുന്നെങ്കിലും, കൗമാരദശമുതൽ മഹാസമാധിവരെ നാനാഘട്ടങ്ങളിലും കവിതയുടെ കനകരശ്മികൾ ഗുരുവിലേക്കു എത്തിനോക്കിയിട്ടുണ്ട്.

*          *          *          *

## ഒരു വിമോചനമന്ത്രം

ലോകത്തിന്റെ ശ്രദ്ധാമണ്ഡലത്തിലേക്ക് അദ്ദേഹം കടന്നു വന്നതു തന്നേയും ഒരു കവിതയിലൂടെയാണ്. അരുവിപ്പുറം പ്രതിഷ്ഠയുടെ ചരിത്രം ഈ വസ്തുത നിസ്സന്ദേഹം വെളിപ്പെടുത്തുന്നുണ്ടു. തെക്കൻ തിരുവിതാംകൂറിലെ നെയ്യാററിൻകര പട്ടണത്തിനടുത്തു ആരുടേയുംശ്രദ്ധപതിയാതെ കിടന്ന ഒരു ഗ്രാമമായിരുന്നു അരുവിപ്പുറം.

കാടുകളും കുന്നുകളും കരിമ്പാറകളും ചേർന്ന പ്രകൃതിമനോഹരമായ ഒരുസ്ഥലം- അവിടെ രണ്ടുകുന്നുകൾക്കിടയിലൂടെ ദൈവകൃപപോലെ പതഞ്ഞൊഴുകുന്ന ഒരുപുഴയുണ്ട്. ഏകദേശം 80 വർഷങ്ങൾക്ക് മുൻപു അസാധാരണതേജസ്സും അവ്യു

ചൈതന്യവുംപൂണ്ട ഒരു യുവയോഗി ആ കാവ്യാത്മകമായ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെട്ടു; തന്നെസമീപിക്കുന്നവക്കു സാരോപദേശങ്ങൾനല്കുക; രോഗികൾക്കു ചികിത്സ നിർദ്ദേശിക്കുക;

മററൊരു പ്രവത്തനങ്ങളിലും ഈയുവാവു ഏർപ്പെട്ടിരുന്നില്ല. എങ്കിലും പരിസര പ്രദേശങ്ങളിലെ ജനസമൂഹത്തെ അദ്ദേഹം എന്തെന്നില്ലാതെ ആകർഷിച്ചു. ഒരു ചൈതന്യം ചുററുപാടും വ്യാപിച്ചു. തനിക്കുചുററും തിരതല്ലിക്കൊണ്ടിരുന്ന ആ ചൈതന്യത്തിനു രൂപംനൽകുവാൻ അദ്ദേഹം തീരുമാനിച്ചതിൻെറ ഫലമാണു് അരുവിപ്പുറത്തെ ശിവലിംഗപ്രതിഷ്ഠ.

ശിവക്ഷേത്രം സ്ഥാപിച്ചതിലുമേറെ പ്രധാനമായ രണ്ടു കാര്യങ്ങൾ അതോടൊപ്പം സംഭവിച്ചു.

ക്ഷേത്രത്തോടനുബന്ധിച്ചു ഒരുസ്കൂൾ സ്ഥാപിതമായി. ആ ക്ഷേത്രത്തിന്റെ മതിലിന്മേൽ ഒരുചതുഷ്പദി ആലേഖനം ചെയ്യപ്പെട്ടു. ഗുരുവിന്റെ ഐതിഹാസികമായ പ്രവത്തനങ്ങളുടെ ഉദ്ഘാടനക്കുറിപ്പായിരുന്നു ആ ചതുഷ്പദി. ലോകത്തിന്റെ കണ്ണുകളിൽ അതു മഹത്തായ ഒരു സന്ദേശം മന്ത്രിച്ചു.

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാന മാണിതു്."

-ലളിതമെങ്കിലും ഗഹനമായ നാലുവരികൾ—മനസ്സിലായിട്ടും മനസ്സിലാവാത്തവരികൾ—അവശലക്ഷങ്ങളുടെ അവകാശപ്രഖ്യാപനം പോലെ മൂകമായ ആ അക്ഷരങ്ങൾ സവ്വത്ര മാറെറാലികൾസൃഷ്ടിച്ചു. ജാതിഭേദത്തിന്റേയും മതദ്വേഷത്തിന്റെയും ജയിലറകളിൽ വീർപ്പുമുട്ടിക്കഴിഞ്ഞ ജനകോടികൾക്കു അതൊരു വിമോചന മന്ത്രമായി—

# മനുഷ്യൻ എന്ന യാഥാർത്ഥ്യത്തെ പ്രതിഷ്ഠിച്ചു.

ആരാണു് ഈ കവിതാസന്ദേശത്തിന്റെ ഉപജ്ഞാതാവു? എന്താണിദ്ദേഹത്തിന്റെപൂർവ്വകഥ?

അരുവിപ്പുറത്തു പ്രത്യക്ഷപ്പെട്ട യുവയോഗിയുടെ ചരിത്രത്തിലേക്കു് ദൂരദേശങ്ങളിൽ നിന്നുകൂടി ഉൽക്കണ്ഠയുടെ കണ്ണുകൾ ഉഴറിക്കുതിച്ചുചെന്നു— കേരളത്തിലും പരദേശത്തിലും കുറെക്കാലം അവധൂതനായി ചുററിത്തിരിഞ്ഞു നാനാതരം ജനങ്ങളുമായി അടുത്തിടപെട്ടു ജീവിച്ച ഒരു യുവയോഗിയുടെകഥ * * * മരുത്വാമലയിൽ ദീർഘകാലംതപസ്സുചെയ്തിരിക്കുന്ന ഒരു ഉഗ്രവ്രതനായ മുനിയുടെ കഥ * * * നാട്ടുനീളെ പ്രചരിച്ചു. തപസ്വാധ്യായനിരതമായ ഒരാത്മാവിഷ്ക്കരണമാണു് ആ കവിതാസന്ദേശമെന്നു്, ആളുകൾ മനസ്സിലാക്കാൻ താമസമുണ്ടായില്ല. ആരാധകരും വിമർശകരും അദ്ദേഹത്തിന്റെ ജീവിതചര്യകൾ വ്യഗ്രതയോടെ വീക്ഷിച്ചു.

സമാധാന പരമായ ഒരു മഹാവിപ്ലവത്തിന്റെ ബീജവാപകമാണു് താൻ നിർവ്വഹിക്കുന്നതെന്നു ഈ യുവയോഗി ഭാവിച്ചില്ല— യാഥാസ്ഥിതിക കേന്ദ്രങ്ങളിൽ തല പൊക്കിയ പ്രതിഷേധം അനുമോദനമായി രൂപാന്തരപ്പെടുത്താൻ അദ്ദേഹത്തിന്റെ സവിശേഷമായ സമീപനരീതി സഹായിച്ചു.

അരുവിപ്പുറത്തെ പ്രതിഷ്ഠയെപ്പററി ഒരു നമ്പൂതിരി സ്വാമിയോടു ചോദിച്ചു. "* * അവർണ്ണനു ശിവപ്രതിഷ്ഠ നടത്തുവാൻ പാടുണ്ടോ?" എന്നു്. ഇതിനു മറുപടിയായി തനിക്കവകാശമുണ്ടെന്നു സ്ഥാപിക്കാൻ വേദോപനിഷത്തുകളുടെ സൂക്തങ്ങളുദ്ധരിച്ചു വാദിച്ചുസമർത്ഥിക്കുവാൻ ഗുരു സന്നദ്ധനായില്ല. ഫലിതം തുളുമ്പുന്ന ഒരു സ്വാതന്ത്ര്യമണ്ഡലത്തിൽ നിന്നുള്ള മറുപടിയാണു് ആ നമ്പൂതിരിക്കു കൊടുത്തതു്.

"ഈഴവശ്ശിവനെയാണ് ഞാൻ പ്രതിഷ്ഠിച്ചിരിക്കുന്നത്." എന്നായിരുന്നു മറുപടി. * * * മറെറാരവസരത്തിൽ പ്രതിഷ്ഠക്കു മുഹൂർത്തം നോക്കിയിരുന്നില്ല - എന്നു ചിലക്ക് ആവലാതി ഉണ്ടായിരുന്നു. " * * ശിശുപിറന്ന ശേഷമാണല്ലൊ സമയംനോക്കുന്നതു്, അതുപോലെ പ്രതിഷ്ഠ നടന്നശേഷം ഗ്രഹനിലകളൊക്കെ ഗണിച്ചുകൊള്ളുക! എന്നായിരുന്നു ഗുരു കല്പിച്ചിരുന്നതു്.

തികഞ്ഞ യുക്തിവിചാരണയുടെ ആവനാഴിയിൽനിന്ന് തൊട്ടുത്തുവിട്ട ഇത്തരം ക്രൂരമ്പുകൾ ഈ കമ്മയോഗിയുടെ ചരിത്രത്തിൽ ധാരാളം രേഖപ്പെട്ടു കാണുന്നുണ്ടു.

— മനുഷ്യരെല്ലാം ഒരു ജാതി എന്നല്ലാതെ, മനുഷ്യക്കിടയിൽ ജാതിയില്ല — നാരായണഗുരു ആദ്യമായും അവസാനമായും ഊന്നിപ്പറഞ്ഞ തത്വം ഇതായിരുന്നു. ജാതിയുടെ ശാസ്ത്രീയമായ നിർവചനം സ്വയം വിരചിച്ച ഒരു സംസ്കൃത ശ്ലോകത്തിലൂടെ അദ്ദേഹം സാധിച്ചിരിക്കുന്നു —

"മനുഷ്യാണാം മനുഷ്യത്വം
ജാതിർ ഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ സത്യം വേത്തി കോപിന"

അർത്ഥം:— പശുക്കൾക്ക് പശുത്വം എന്ന് ജാതി കാണുന്നതുപോലെ മനുഷ്യക്കു മനുഷ്യജാതിയുണ്ടു. ബ്രാഹ്മണൻ തുടങ്ങിയുള്ള ജാതികളില്ല; എന്നാൽ കഷ്ടം! ഈ പരമാർത്ഥത്തെ അന്വേഷിക്കുന്നവരില്ല.

തൻെറ പ്രതിഭയ്ക്കു് രൂപംകൊടുത്ത ഈ ശ്ലോകത്തിനു, നാരായണഗുരു സ്വന്തം ജീവിതത്തിലൂടെ പ്രായോഗികമായ വ്യാഖ്യാനം രചിച്ചു. അങ്ങിനെ ജാതിയുടേയും മതത്തിൻേറയും മററു നാനാതരം കൃത്രിമമായ ഏച്ചുകൂട്ടലുകളുടേയും മറകൾ നീക്കി മനുഷ്യൻ നിന്ന യാഥാർത്ഥ്യത്തെ

സമുദായമദ്ധ്യത്തിൽ പ്രതിഷ്ഠിക്കുവാൻ സാധിച്ചതാണ് അദ്ദേഹത്തിൻെറ സർവ്വോന്നതമായ സിദ്ധി — അതോടൊപ്പം മനുഷ്യജാതി ഒന്നു എന്നുള്ള സമൂഹസ്ഥാപനത്തിൻെറ ശിലാസ്ഥാപനവും നടന്നു എന്നാണ് നിശ്ചയിക്കാനുള്ളത്.

*　　*　　*　　*

അദ്ദേഹം നെയ്യാറിൽ മുങ്ങി എടുത്തുകൊണ്ടുവന്ന ശിവലിംഗാകൃതിയിലുള്ള ഒരു കരിങ്കല്ല് അരുവിപ്പുറത്തു പ്രതിഷ്ഠിച്ചതോടെ ഒരു പുതിയ സാമൂഹ്യസൗധത്തിൻെറ ശിലാസ്ഥാപനമാണ് ഗുരു നിർവഹിച്ചിരുന്നത്.

അന്നുമുതൽ അരുവിപ്പുറം അദൃശ്യമായ മറെറാരു പ്രവാഹത്തിൻെറ ഉത്ഭവസ്ഥാനവുമായി; സാമൂഹ്യജീവിതത്തിലെ മാനസികമായ അവശത നീക്കി പച്ച തഴപ്പിച്ചു മനുഷ്യഹൃദയങ്ങളിൽകൂടി അനുസരിത്തു ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു.

ജാതിവ്യത്യാസത്തിനെതിരായ ഗുരുവിൻെറ സമരം ക്ഷേത്രസ്ഥാപനത്തോടുകൂടി അവസാനിക്കുന്നില്ല. - അന്ത്യകാലംവരെ അലംഭാവംകൂടാതെ ആ സമരം തുടർന്നു നടന്നിട്ടുണ്ട്.

65-ാമത്തെ വയസ്സിൽ രചിച്ച ജാതിനിർണ്ണയം എന്ന മലയാളകൃതി ഇതിനു ദൃഷ്ടാന്തമാണ് — ഒരു ജാതി ഒരുമതം ഒരു ദൈവം മനുഷ്യനു എന്ന മഹനീയ സന്ദേശം ഗുരു ഉത്ഘോഷിച്ചതും ആകൃതിയിലൂടെയാണ്.

"ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യനു
ഒരു യോനി ഒരാകാരം
ഒരു ഭേദവുമില്ലിതിൽ
നരജാതിയിതോർക്കുമ്പോ-
ളൊരു ജാതിയിലുള്ളതാം.

നരജാതിയിൽ നിന്നല്ലോ
പിറന്നീട്ടുന്നു വിപ്രൻനും,
പറയൻ താനരമെന്നുള്ള-
തന്തരം നരനു ജാതിയിന്
പറച്ചിയിൽ നിന്നുപണ്ടു
പരാശര മഹാമുനി
പിറന്നു മറ സൂത്രിച്ച
മുനി കൈവത്ത കന്യയിൽ”

ജാതിലക്ഷണമെന്ന മറ്റൊരു കൃതിയിൽ ഇതിൻെറ വിശദീകരണമുണ്ടു്.

ജാതിചോദിക്കയൊ, പറയുകയൊ വിചാരിക്കുകയൊ അരുതെന്ന നാരായണഗുരുവിൻെറ സന്ദേശം താക്ക്വീകമായി എന്തടിസ്ഥാനത്തിലാണു് ഊന്നിയിരിക്കുന്നതെന്നു ചുവടെ ഉദാഹരണത്തിനു കാണിച്ചിരിക്കുന്ന ഒരു ശ്ലോകം തെളിവാണു്.

“പേരുരു തൊഴിലിമ മൂന്നും
പോരുമായതു കേൾക്കുക!
ആരു നീ? എന്നുകേൾക്കേണ്ട
നേരു മെയ്തന്നെ ചൊൽകയാൽ”

* * * *

തൻെറ മഹത്തായ ജീവിതസിദ്ധാന്തത്തെ ആവിഷ്ക്കരിക്കുവാൻ കവിതയെ അദ്ദേഹം ഒരു ഉപാധിയാക്കിയതാണോ? പക്ഷെ പരമാത്ഥമതല്ല — നൈസർഗ്ഗികമായ സിദ്ധാന്തങ്ങളൊന്നും ആവിഷ്ക്കരിക്കാതെ ഭക്തിലഹരി തുളുമ്പുന്ന എത്രയോ കവിതകൾ ഈ കർമ്മയോഗി രചിച്ചിട്ടുണ്ടു്. വാരണപ്പിള്ളി തറവാട്ടിൽ താമസിച്ചു് കുമ്മപ്പിള്ളി രാമൻപിള്ള ആശാൻെറ ശിഷ്യനായികഴിഞ്ഞു കൂടിയിരുന്ന കാലം മുതൽ ഗുരു കവിതാരചന ആരംഭിച്ചിട്ടുണ്ടു്. അവധൂത കാലഘട്ടത്തിൽ ആ ഉത്സാഹം കുറെക്കൂടി വർദ്ധിച്ചു —

ഗുരു തന്നെ ആ ചരിത്രം ഇപ്രകാരം അനുസ്മരിച്ചിട്ടുണ്ട്. "* * * "ആ കാലങ്ങളിൽ കവിതാരചനയ്ക്ക് നമുക്കു ഒരു പ്രയാസവും തോന്നീട്ടില്ല— എത്ര പേർ ഇരുന്നെഴുതിയാലും അവർക്കെല്ലാം ഒരേസമയം വേറെ വേറെ കവിതകൾ പറഞ്ഞു കൊടുക്കുവാൻ കഴിയുമായിരുന്നു."

ഗുരുവിന്റെ കാവ്യനിർമ്മാണ സമ്പ്രദായം ഇതിൽ നിന്നും ഗ്രഹിക്കുവാൻ കഴിയും — തൂലികകൊണ്ടു കടലാസ്സിൽ ഒരുവരിപോലും അദ്ദേഹം കുറിച്ചിട്ടില്ല- ജിജ്ഞാസുക്കളുടെ ആവശ്യപ്രകാരം പറഞ്ഞു കൊടുത്തതാണ് മിക്ക കവിതകളും. * * * — —

അരുവിപ്പുറം കാലഘട്ടത്തിലെ കൃതികൾ മിക്കതും കരുവാ കൃഷ്ണനാശാൻ കേട്ട് എഴുതിഎടുത്തതാണെന്ന് ജീവചരിത്ര ഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്.

രാമൻപിള്ള ആശാന്റെകൂടെ പഠിച്ചുകൊണ്ടിരുന്നകാലം സതീർത്ഥ്യരായ വെളുത്തേരിൽ കേശവൻ വൈദ്യൻ, പെരുനെല്ലികൃഷ്ണൻവൈദ്യൻ, മണ്ണെടയ്ക്കൽ ഗോവിന്ദനാശാൻ എന്നിവരെല്ലാം കാവ്യരചനയിൽ വ്യാപൃതരായിരുന്നു. നാണു ആശാനും കവിതാരചന പ്രിയംകരമായ ഒരു വിനോദമായിരുന്നു. പക്ഷെ വിനോദത്തിന്റെ സീമയ്ക്കപ്പുറം ചെല്ലുന്ന ഒരു വ്യക്തി വിലാസം അദ്ദേഹത്തിന്റെ കവിതയെ മററുള്ളവരുടേതിൽനിന്ന് വേർതിരിച്ചു നിറുത്തിയിരുന്നു. ദാർശനിക ജീവിതത്തിന്റെ മുദ്രകൾ ഗുരുവിന്റെആദ്യകാല കൃതികളിൽത്തന്നെ പതിഞ്ഞു കാണുന്നുണ്ട്. അദ്ധ്യാത്മചിന്തയുടെ സ്ഫുരണങ്ങൾ അവയിലെല്ലാം മാററുകൂട്ടുന്നു.

* *　　* *　　* *

സ്തവങ്ങളുടെയും സ്തോത്രങ്ങളുടേയും രൂപത്തിലാണ് ആദ്യ കാലഘട്ടത്തിലെ കൃതികൾ കാണുന്നതു്— വിനായകാഷ്ടകം ഗുഹാഷ്ടകം— ശ്രീവാസുദേവാഷ്ടകം, ഭദ്രകാളൃഷ്ടകം,

നവമഞ്ജരി എന്നീ സംസ്കൃത കവനങ്ങൾ, അദ്വൈതാമല ഭാവ സ്പന്ദിതമായ ഒരു വിദ്യുൽ മേഖലയിലേക്ക് വിരൽ ചൂണ്ടുന്നതായി കാണുന്നു — അവയുടെ ഉന്നത നിലവാരങ്ങളിലേക്ക് പടവുകൾ കയറിമറിഞ്ഞു ചെന്നെത്തുവാൻ പണ്ഡിതനായ ഒരു അനുവാചകനുപോലും ക്ലേശംനേരിട്ടുമെങ്കിലും പദങ്ങളുടെ ലയവിന്യാസവും ആശയങ്ങളുടെ നിരർഗ്ഗളമായ പ്രവാഹവും ആരേയും ആകർഷിച്ചിരുത്തുന്നവയാണ് —

വിനായകാഷ്ടത്തിലെ: —

കീലദ്രേവഗോത്രം കനദധ്യേമഗാത്രം
സദാനന്ദമാത്രം മഹാഭക്തമിത്രം
ശരച്ചന്ദ്രവക്ത്രം ത്രയീപൂതപാത്രം
ശിരസ്ഥാർത്ഥിദാത്രം ഭജേ ശക്തിപുത്രം

വാസുദേവാഷ്ടകത്തിലെ: —

ശ്രീവാസുദേവസരസീരുഹ പാഞ്ചജന്യ
കൗമോദകീ ഭയനിവാരണ ചക്രപാണേ
ശ്രീവത്സ വത്സ സകലാമയ മൂലനാശിൻ
ശ്രീഭൂപതേ ഹരഹരേസകലാമയംമേ;

ചിദംബരാഷ്ടകത്തിലെ: —

"ബ്രഹ്മമുഖാമര വന്ദിത ലിംഗം
ജന്മജരാ മരണാന്തകലിംഗം
കർമ്മനിവാരണ കൗശല ലിംഗം
തൻ മൃദുപാതു ചിദംബരലിംഗം"

എന്നിങ്ങനെയുള്ള ശ്ലോകങ്ങൾ നല്ലം തികഞ്ഞ ദൃഷ്ടാന്തങ്ങളാണല്ലോ —

വേദാന്തവിചാരത്തിലും ശൈലിയിലും ഈ സംസ്കൃത കൃതികൾ ശ്രീ ശങ്കരന്റെ സ്തോത്രകൃതികളോടു കിടനിൽക്കുന്നു.

പ്രാചീന ആചാര്യന്മാരുടെ കൃതികളിലെ ഉഗ്രമൂർത്തികൾ. നാരായണകൃതികളിൽ ശാന്തരൂപികളും ലോകാനുഗ്രഹദാതാക്കളുമായി പ്രത്യക്ഷപ്പെടുന്നതാണ് ഒരു വ്യത്യസ്ഥത.

സംസ്കൃത കവനങ്ങൾകൂടാതെ മലയാളത്തിലുള്ള അർദ്ധനാരീസ്തവം, കുണ്ഡലിനിപ്പാട്ട്, സുബ്രഹ്മണ്യഗീതം ഇവകളെല്ലാം ഭക്തിലയങ്ങളുണ്ടാക്കുന്ന സ്തോത്രങ്ങളാണ് —

കാൽനൂററാണ്ടു മുൻപു ഗുരുദേവൻെറ കൃതികളെല്ലാം ശേഖരിച്ച്, "ദിവ്യസ്തോത്ര രത്നാവലി" എന്ന നാമധേയത്തിൽ ഒരു ഗ്രന്ഥം കുമാരസ്വാമി സന്യാസി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതാണ് നാരായണവാണീയുടെ ആദ്യത്തെ സമാഹാരം.

*     *     *     *

കുറെ കൊല്ലങ്ങൾക്ക്മുമ്പു മഴക്കാലമായിരുന്നിട്ടും മഴ പെയ്യാത്തതുമൂലം ജനങ്ങൾക്ക് വളരെ കഷ്ടത നേരിട്ടിരുന്നു.

കഴക്കൂട്ടം എന്ന സ്ഥലത്തുള്ള ഗ്രാമവാസികൾ ഗുരുസ്വാമിയെ സമീപിച്ച് മഴ പെയ്യാത്തതുമൂലം തങ്ങൾക്ക് നേരിടുന്ന സങ്കടങ്ങൾ ഉണർത്തിച്ചു.

അവർക്കു സ്വാമി ചൊല്ലിക്കൊടുത്ത ശ്ലോകങ്ങളാണ് അർദ്ധനാരീശ്വരസ്തവം - ഉടനെതന്നെ ആ ഭക്തജനങ്ങൾ സംഘംകൂടി പ്രാർത്ഥനയായി ആ ശ്ലോകങ്ങൾ ചൊല്ലിയതോടെ മഴ പെയ്തു എന്നാണ് ചരിത്രങ്ങളിൽ പറഞ്ഞിരിക്കുന്നത്.

അത്ഭുതസിദ്ധിയുടെ ഭാഗം എന്തായാലും, ഇതിലൂടെ നാരായണഗുരു പ്രദർശിപ്പിച്ച കവനകലാ വൈഭവം ഏതു സഹൃദയൻെറയും ധന്യവാദം നേടാൻ പര്യാപ്തമാണ്.

രണ്ടു ശ്ലോകങ്ങൾ ഇവിടെ കുറിക്കുന്നു.

"ദാരിദ്ര്യം കടുതായ്, ദഹിച്ചുതുണവും
ദാരുക്കളും ദൈവമേ!
നീരില്ലാതെ നിറഞ്ഞു സങ്കട മഹോ
നീയൊന്നുമോർത്തിലയോ?

ആരുള്ളിത്രകൃപാമൃതം ചൊരിയുവാ-
നെന്നോൎത്തിരുന്നോരിലീ
ക്രൂരത്തീയിട്ടവാൻ
തുനിഞ്ഞതഴകോ ക്രറദ്ധനാരീശ്വരാ!

* * * *

മുപ്പാരൊക്കെ മുടിഞ്ഞു മുടിയിൽ
ചൊൽപൊങ്ങുമപ്പുംധരി
ച്ചെപ്പോഴും പരമാത്മനിഷ്ടയിലിരു
ന്നീടുന്ന നീയെന്തഹോ
ഇപ്പാരാ രിനിയാള്ള മിപ്പരിഷയി-
ന്നാരോട്ടരക്ഷനനിൻ
തൃപ്പാദത്തണലെന്നിയെ തുണനമു-
ക്കാരദ്ധനാരീശ്വരാ!

കുറെക്കൂടി ലളിതമായ പദാവലികളെക്കൊണ്ടു. നിബ ന്ധിക്കപ്പെട്ടതാണു് കുണ്ഡലിനിപ്പാട്ടു്.

ആനന്ദാതിരേകത്തിൻെറ അപ്രതിഹതമായ വേലി യേററത്തിൽ സർവം മറന്നു നൃത്തം ചവിട്ടുന്ന ഒരാത്മാവിന്റെ ചിത്രം ഈ കൃതി അവതരിപ്പിക്കുന്നു.

ശുദ്ധമായ മിസ്റ്റിസത്തിനു ഇതിലും മികച്ച ഒരു മാതൃക അതിനു മുമ്പൊപിമ്പോ മലയാളസാഹിത്യത്തിൽ ഉണ്ടായി ട്ടില്ല. ഒരു തവണ കേട്ട ആരിലും അനുരണനം സൃഷ്ടിക്കാൻ പൊന്നാതാണു് ഇതിലെ ഹൃദയാവൎജ്ജകങ്ങളായ വരികൾ.

ആടുപാമ്പെപുനം തേടുപാമ്പെ!
യരുളാനന്ദക്കൂത്തുകണ്ടാടുപാമ്പെ!
തിങ്കളും കൊന്നയും ചൂടുമീശൻ പദ-
പങ്കജംപററി നിന്നാടുപാമ്പെ!
ആയിരംകൊടി അനന്തൻ നീയാനന
മായിരവും തുറന്നാടുപാമ്പെ!

പേയും പിണവും പിറക്കും ചുട്ടുകാട്ടു
മായുംപരമാംപൊരുളോടു പാമ്പേ!

*      *      *      *

ഇനി നമുക്കു് പരിചയപ്പെടേണ്ട കൃതികൾ ശ്രീനാരായണ സാഹിത്യത്തിന്റെ വെന്നിക്കൊടികളാകുന്നു.

ദൈവദശകം, ആത്മോപദേശ ശതകം, ദർശനമാല ഇവയിൽ ആദ്യത്തെ രണ്ടു കൃതികൾ ഭാഷാസാഹിത്യവേദിയിൽ ശാശ്വത പ്രതിഷ്ഠ നേടികഴിഞ്ഞിട്ടുണ്ടു്.

വേദാന്തതത്വചിന്തയുടെ അനന്തവും അപ്രമേയവുമായ പാരാവാരം തന്നെയാണു് ഇവയിൽ തിരതല്ലി ഇരമ്പിമറിയുന്നതു്- സ്ഥൂലത്തിൽ നിന്നു കുതറി സൂക്ഷ്മത്തിലേക്കു കുതിച്ചൊഴുകുന്ന ആശയങ്ങൾ - രമണീയ പദങ്ങളുടെ ഉത്സവചരായ ഇതിലെങ്ങും കണ്ടെത്തുകയില്ല.

ഇതിൽ ആത്മോപദേശ് ശതകത്തെ മലയാളികളുടെ ഭഗവദ്ഗീതയെന്നു ഒരു പ്രശസ്ത സാഹിത്യനിരൂപകൻ വാഴ്ത്തിട്ടുണ്ടു്. ദൈവദശകമാകട്ടെ കൈരളിക്കു സിദ്ധിച്ച ആദ്യത്തെ ബാലസാഹിത്യകൃതിയാണു്. ശിവഗിരിയിലെ അന്തേവാസികളായിരുന്ന കുട്ടികൾക്കു് സ്വാമിപറഞ്ഞുകൊടുത്ത ശ്ലോകങ്ങളാണവ. കുരുന്നു ഹൃദയങ്ങൾ വികസ്വരവും ആരോഗ്യസംപുഷ്ടവുമാക്കാൻ മറെറാരു സിദ്ധൌഷധത്തിനും കൈവരാത്തകഴിവു ദൈവദശകത്തിൽ ഉൾക്കൊള്ളുന്നു. വേദാന്തരഹസ്യങ്ങളടങ്ങിയ ദൂരവ്യാപകമായ തത്വ ശകലങ്ങൾ മിന്നുന്ന കടലാസ്സിൽ പൊതിഞ്ഞ മിഠായികൾ പോലെ കുട്ടികളുടെ തലമുറകൾക്കു് ഈ കവിതയിലൂടെ നാരായണഗുരു വിതരണം ചെയ്തിരിക്കയാണു്.

ഇതിലെ ഓരോ അനുഷ്ടിപ്പിലും അഭൌമമായ ഒരു ശാന്തിമന്ത്ര സിന്ധു മുഴങ്ങുന്നുണ്ടു്.

ദൈവമേ കാത്തുകൊൾകങ്ങു്
കൈവിടാതിങ്ങു ഞങ്ങളെ—

നാവികൻ നീ ഭവാബ്ധിക്കോ-
രാവിവൻ തോണി നിൻ പദം.
ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.
ആഴിയും തിരയും കാറ്റും
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.
നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
മായതും സൃഷ്ടി ജാലവും
നീയല്ലോ ദൈവമെ സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

* * * *

ആഴമേറും നിൻ മഹസ്സാ
മാഴിയിൽ ഞങ്ങളാകവെ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

## ആത്മോപദേശ ശതകം

സാരോപദേശങ്ങളുടെ സംഗ്രഹമാണ് ആത്മോപദേശ ശതകം.

നാരായണ ദർശനത്തിന്റെ നാരായവേരുകളെല്ലാം അതിൽ ചികഞ്ഞു നോക്കുന്നവർക്കു കണ്ടെത്തുവാൻ കഴിയുന്നു.

ശിഷ്യപ്രമുഖനായ മഹാകവി കുമാരനാശാൻ ചൂണ്ടിക്കാട്ടിയതുപോലെ, സ്വാമികളുടെ സർവോത്തമമായ തത്വോപദേശത്തെ സ്വാഭാവ മനോഹരമായ അദ്ദേഹത്തിന്റെ കവിതാ

മാധുര്യത്തോടുകൂടി കലർന്നതിൻെറ ഫലമായ ആമോദ ഭൂമോദയം ഈ ശതകത്തിലൂടെ നമുക്കനുഭവപ്പെടുന്നു. പക്ഷേ ആശാൻ തന്നെ എടുത്തു പറഞ്ഞ ഒരു ബുദ്ധിമുട്ടുണ്ട്. ഭാഷ ശുദ്ധമലയാളവും രചന അതിമനോഹരവും ആയിരുന്നാലും സ്വാമിയുടെ കവിതകൾക്ക് അർത്ഥകല്പനയിൽ കാണുന്ന ദുരവഗാഹതയാണ് ആ ബുദ്ധിമുട്ട്.

അന്തർമുഖ വീക്ഷണവും അഗാധമായ ചിന്താശീലവുമില്ലാത്തവരുടെ മുമ്പിൽ അതിൻെറ കവാടങ്ങൾ തുറക്കപ്പെടുകയില്ല-ആത്മോപദേശ ശതകത്തിലെ ആദ്യശ്ലോകത്തിനു കുമാരനാശാൻ നൽകുന്ന വിസ്തൃതമായ വ്യാഖ്യാനം ദുരവഗാഹതയുടെ പരപ്പു എത്രത്തോളമുണ്ടെന്നു നമ്മെ ബോധ്യപ്പെടുത്തും.

ചുരുക്കത്തിൽ ആ പാരാവാരത്തിൽ മുങ്ങിത്തപ്പി മുത്തുകൾ ശേഖരിക്കാൻ ഊർജ്ജിതമായ ഒരു ശ്രമം തന്നെ കൂടിയെ കഴിയൂ.

നാരായണഗുരുവിൻെറ ജീവിത സിദ്ധാന്തങ്ങളുടെ അടിക്കല്ലുകൾ പലതും ആത്മോപദേശ ശതകത്തിലാണ്— എല്ലാമതങ്ങളുടെയും സാരം ഒന്നാണെന്നു് അദ്ദേഹം ഇതിലൂടെ സമർത്ഥിക്കുന്നു.

"പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലവതുകണ്ടലയാതമർന്നിടേണം.

* * * * * *

അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം."

* * * * * *

## ദർശനമാല

സംസ്കൃതത്തിൽ രചിച്ച മററൊരു ശതകമായ ദർശനമാല വേദാന്തവിദ്യാർത്ഥികളുടെ പാഠ്യഗ്രന്ഥം മാത്രമല്ല വിശിഷ്ടമായ ഒരു സാഹിത്യകൃതികൂടിയാണ് —ശിഷ്യനായ വിദ്യാനന്ദസ്വാമികളുടെ ആവശ്യപ്രകാരം ആലുവാ അദ്വൈതാശ്രമംവക സംസ്കൃത വിദ്യാലയത്തിലെ അദ്ധ്യേതാക്കൾക്ക് പഠിക്കാൻ പറഞ്ഞുകൊടുത്ത ശ്ലോകങ്ങൾ സമാഹരിച്ച ഈ കൃതി സ്വയം പൂർണ്ണമായ ഒരു ദർശനസംഹിതയാണ്. ഇതിൽ പത്തു ദർശനങ്ങൾ അടങ്ങിട്ടുണ്ട്. നവീന കാലഘട്ടത്തിലാണ് ഈ അപൂർവ്വ സൂക്തികൾ ജന്മമെടുത്തതെന്നു ചരിത്രരേഖകളുടെ തെളിവില്ലെങ്കിൽ പലക്കും അവിശ്വസനീയമായിരിക്കും * * * —

## ഗുരുവിൻെറ കവനങ്ങൾ

മലയാളത്തിൽ 34 കൃതികളും സംസ്കൃതത്തിൽ ഏഴു കൃതികളും തമിഴിൽ തേവാരപ്പതികൾ എന്ന ഒരു കൃതിയും ശ്രീ നാരായണഗുരു വിരചിച്ചിട്ടുണ്ട്.

ഈശാവാസ്യോപനിഷത്തിന്റേയും തിരുക്കുറളിന്റേയും വിവർത്തനങ്ങൾ ഇതിൽ പെടുന്നു. പഞ്ചകങ്ങളും അഷ്ടകങ്ങളും ദശകങ്ങളുമാണ് അവയിലധികവും.

വലുപ്പത്തിൽ ചെറുതാണെങ്കിലും വിസ്തൃതമായ വ്യാഖ്യാനങ്ങൾക്ക് വക നൽകുന്നതാണ് അവ ഓരോന്നും. പക്ഷെ സൂക്ഷ്മവും വിശദവുമായ പഠനങ്ങൾ അവയെക്കുറിച്ച് ഉണ്ടായിട്ടില്ല—

* * * * * *

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ ഗുരുവിന്റെ മുദ്രാവാക്യങ്ങളുടെ വെള്ളപ്പൊക്കം സൃഷ്ടിച്ച "കാവ്യതീർത്ഥം" ഇവിടെ വിസ്മൃതമാകുമെന്ന ആരും ഭയപ്പെടേണ്ടതില്ല —

കാലത്തിന്റെ വിലയിരുത്തൽ അതിന്റെ മാഹാത്മ്യത്തിനു മിഴിവേററിക്കാട്ടാതിരിക്കയില്ല.

മലയാളത്തിലെ ഭക്തിസാഹിത്യത്തിൽ പൂന്താനത്തിൻേറയും തുഞ്ചത്തെഴുത്തച്ഛൻേറയും സന്നിധിയിൽ തന്നെ സമ്മാന്യമായ ഒരു പീഠം നാരായണഗുരുവിനു അവകാശപ്പെട്ടതാണു് — മാത്രമല്ല — ജ്ഞാനപ്പാനയും, ഹരിനാമകീർത്തനവും എത്തിനോക്കാത്ത ഒരു മണ്ഡലത്തിൽ അദ്ദേഹം അഗ്രാസനാധിപത്യം ഉറപ്പിച്ചിട്ടുണ്ടു്. ദാർശനീക കാവ്യസാഹിത്യത്തിൻേറതാണു് ആ സ്ഥാനം.

കേരളസാഹിത്യചരിത്രം കുമ്പോട്ടുകുമ്പു പരിശോധിച്ചാലും നാരായണഗുരുവിൻേറതൊഴികെ മററൊരു പതാക അവിടെ പാറിക്കളിക്കുന്നതായി കാണുകയില്ല.

കോഴിക്കോട്ടു്,
12—9—65

സുകുമാരൻ പൊററക്കാട്ടു്



(1103-ൽ തൃശ്ശൂരിൽവെച്ചു ശ്രീനാരായണ ധർമ്മ സംഘം സ്ഥാപിച്ച കാലത്തു് ശിഷ്യന്മാരുടെകൂടെ ഗുരുസ്വാമിതൃപ്പാദങ്ങൾ ഇരുന്നു എടുത്ത പടം.)

THYAGA SEVANA S'MAJAM & READING ROOM
MANGANAM.
★ ANATHANAM ★

(അനുബന്ധം)

## അനുകമ്പാദശകത്തിലെ

# രഹസ്യങ്ങൾ

(കുമാരസ്വാമി സന്യാസി)

ഗുരുദേവകൃതികളിൽ അനുകമ്പാദശകത്തിനു ചില പ്രത്യേകതകളുണ്ടു്. അതു ചരിത്രവസ്തുതകളേയും സ്പർശിക്കുന്നുണ്ടു്.

ഭാരതഖണ്ഡത്തിലെ എഴുത്തുകാരായ ബ്രാഹ്മണർ യഥാർത്ഥസംഭവങ്ങളെ മനഃപൂർവ്വം മണ്ണിനടിയിലാക്കുകയും അവർക്കു തോന്നിയതുപോലെ അർത്ഥവാദകഥകളേയും ഐതീഹ്യങ്ങളേയും എഴുതിവച്ചിരിക്കുകയുമാണു് ചെയ്തിരിക്കുന്നതു്. ഇനിയെങ്കിലും അവ പരിശോധനയ്ക്കു് വിധേയമാക്കേണ്ടതാകുന്നു.

സേശ്വരയുക്തിവാദികൾക്കും നിരീശ്വരയുക്തിവാദികൾക്കും മദ്ധ്യേ അനുകമ്പാദശകം എന്ന കൃതി ഒരു സേതുബന്ധം സൃഷ്ടിച്ചിരിക്കയാണു്.

സ്വാനുഭവഗീതിയിൽ ഒരു ശ്ലോകം ഇവിടെ ഉദ്ധരിക്കട്ടെ:—

"മതിതൊട്ടു മണം മുതലഞ്ചുമുണർ-
ന്നരുളൊളവു മുള്ളതു ചിന്മയമാം;
ക്ഷിതിതൊട്ടിരുളോള മഹോജഡമാ-
മിതുരണ്ടിലുമാ യമരുന്നഖിലം.

കരുണ അല്ലെങ്കിൽ അനുകമ്പ അറിവായി നിറഞ്ഞുനില്ക്കുന്ന അന്തരീക്ഷത്തിനു് ചിദാകാശം എന്നു് പറയുന്നു. മനുഷ്യന്റെ ബുദ്ധി, ചിത്തം, മനസ്സ്, ശബ്ദ, സ്പർശ, രസ, രൂപ ഗന്ധം എന്നീ എട്ടു് അറിവുകളുടെ ഒരു പൊതിയാണു് വ്യ

ക്തിത്വം — ആത്മീയ മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നവൻ പരിശുദ്ധനാകുമ്പോൾ അനുകമ്പയുടെ (അരുളിന്റെ) അന്തരീക്ഷത്തിൽ എത്തുന്നു. അരുള് തന്നെ ഈശ്വരാംശം അല്ലെങ്കിൽ ഈശ്വര സ്വഭാവം എന്നു സങ്കല്പിക്കാം. അരുളിന്റെ ലോകം ജ്ഞാന പ്രകാശമായതുകൊണ്ടു അതിനപ്പുറം ചിന്തിക്കാനൊന്നുമില്ല— രണ്ടാമതു ഭൂമി തുടങ്ങിയ പഞ്ചഭൂതങ്ങളും അവയുടെ അണുക്കളും ശക്തികളും ചെന്നെത്തുന്നതു ഇരുളാകുന്ന അന്തരീക്ഷത്തിലാണ് — ആങ്ങിനെ രണ്ടു നിലകളല്ലാതെ വേറെ വിസ്തരിക്കാനൊന്നുമില്ല— * * * —

അനുകമ്പാദശകത്തിലെ 3 - ാം ശ്ലോകത്തിൽ "അരുളുള്ളവനാണ് ജീവി" ഈ നവാക്ഷരി ഉരുവിട്ടീടണമെന്നു കല്പിച്ചിരിക്കുന്നു —

ഈ അരുൾ അല്ലെങ്കിൽ അനുകമ്പ എന്ന ഈശ്വര സ്വഭാവമില്ലാത്തവൻ നാറുന്ന (നശിച്ചുപോകുന്ന) ഒരു ശരീരവും വഹിച്ചുകൊണ്ടു നടക്കുന്നവൻ മാത്രമാണ്. അതുകൊണ്ട് കരുണയുണ്ടാവാൻവേണ്ടി എപ്പോഴും "അരുളുള്ളവനാണ് ജീവി" എന്ന മന്ത്രം ജപിക്കണം.

സ്നേഹം, സാഹോദര്യം, നന്ദി എന്നിങ്ങനെയുള്ള സൽഗ്ഗുണങ്ങളേയും കരുണയേയും നിരീശ്വരവാദികൾ ബഹുമാനിക്കുകയും അതു യഥാർത്ഥമനുഷ്യത്വം എന്ന് വാദിക്കുകയും ചെയ്യുന്നുണ്ടല്ലോ. — കാരുണ്യം കാണുന്നിടത്തു ഈശ്വരത്വം ഉണ്ടെന്നു പറയുമ്പോൾ അതു നിഷേധിച്ചിട്ടു കാര്യമൊന്നുമില്ല— അതുകൊണ്ടു ഈ അനുകമ്പ ഒരു സേതുവായി തീർന്നിരിക്കുന്നു —

കാരുണ്യം(അരുൾ) ഉള്ള വ്യക്തി ജീവിച്ചിരിക്കുമ്പോൾ തന്നെ സാലോക്യ മോക്ഷത്തെ പ്രാപിച്ചിരിക്കുന്നു. ആ വ്യക്തി, അവൻ അല്ലെങ്കിൽ അവൾ — ലൗകികദൃഷ്ട്യാ വെറും സാധാരണക്കാരൻ മാത്രമായിരുന്നാലും ആ വ്യക്തിത്വം ഉൽകൃഷ്ടമായ മാനുഷിക മൂല്യത്തിനുള്ള നിദർശനം തന്നെയായിരിക്കുന്നു.

* * * * * *

മോക്ഷം എന്ന പദപ്രയോഗം മനുഷ്യനെ അമ്പരപ്പിക്കാനൊന്നുമില്ല — ബുദ്ധമാർഗ്ഗത്തിൽ നിന്നാണ് ഈ പദം വന്നിരിക്കുന്നതു് — ലൗകിക വാസനാബന്ധങ്ങളിൽ നിന്നുള്ള മോചനം എന്നാണ് ഇതിന്റെ അർത്ഥം —

* * * * * *

## ബ്രഹ്മവാദം.

ഹൈന്ദവരുടെ ഗ്രന്ഥങ്ങളിൽ സ്ഥാനം പിടിച്ചിരിക്കുന്ന പരമപ്രധാനമായ ഒരു ശബ്ദമാണ് ബ്രഹ്മം — അതിനെ വ്യാഖ്യാനിക്കുന്നവർക്കു പോലും അർത്ഥം വ്യക്തമാകുന്നില്ല — ബ്രഹ്മാവിനും വീണ്ടും ജന്മങ്ങളുണ്ടായിരുന്നു എന്നു പറയുമ്പോൾ മറ്റുള്ളവരുടെ കാര്യം പറയേണ്ടതുണ്ടോ? ഏതാണ്ടു ആറായിരം വർഷങ്ങൾക്കു് മുൻപു അതായതു ചരിത്രാതീതകാലങ്ങളിൽ ബർമ്മാരാജ്യങ്ങളിൽ നിന്നു് ഇന്ത്യയിൽ (വടക്കെഇന്ത്യയിലെ) ഗംഗാ താഴ്‌വരകളിലേക്കു് കുടിയേറി പാർത്തിരുന്ന ജനങ്ങളുടെ വർഗ്ഗനാമമായും ഈ ബ്രഹ്മപദം ഇരിക്കുന്നുണ്ടു് — അവരുടെ ഗുരു ഒരു ബ്രഹ്മാവായിരുന്നു. പിൽകാലങ്ങളിൽ ബർമ്മയിലെ അമരാവതി തലസ്ഥാനമാക്കി വാണിരുന്ന ഇന്ദ്രൻ കരവഴിയായി ഇന്ത്യയിൽ കടക്കുകയും ബ്രാഹ്മണരെ നിശ്ശേഷം തോല്പിച്ചു അവരെ വഴിയാധാരമാക്കുകയും ചെയ്തിരുന്നു —

സൈന്യശേഖരത്തിൽ കൂടി വിജയമുണ്ടാക്കുന്ന മുറയെ ബ്രാഹ്മണർ ഉപേക്ഷിക്കുകയും അവർ സാഹിത്യത്തിന്റെ പ്രവർത്തകന്മാരായി മാറുകയും ചെയ്തു. ഇതിൻെറ ഫലമായി നമുക്കു് സംസ്കൃത ഭാഷയിൽ ലഭിച്ചിരുന്ന പ്രാചീനഗ്രന്ഥങ്ങളിലെല്ലാം ബ്രാഹ്മണശാപം കൊണ്ടുണ്ടായ കെടുതികളും യുദ്ധങ്ങളും വിശദീകരിച്ചിരിക്കുന്നതു കാണാം.

ഈ പുരാണേതിഹാസങ്ങളെല്ലാം മഹാന്മാരായ വാത്മീകിയുടേയും വ്യാസന്റേയും പേരിൽ മിടുക്കന്മാരായ വല്ലവരും എഴുതി വച്ചതായിരിക്കാനെ ന്യായമുള്ളു —

ബ്രഹ്മ ശബ്ദത്തിന് ഇഷ്ടം പോലെ വ്യാഖ്യാനം നൽകുമെങ്കിലും ആ ശബ്ദവുമായി ബന്ധമുള്ള ബ്രാഹ്മണസമുദായം ഏതാണ്ടു നാലായിരം കൊല്ലത്തോളമായി ഭാരതഭൂമിയിലെ ജനങ്ങളുടെ ഗുരുക്കന്മാർ എന്ന നില സ്വീകരിച്ചിരിക്കയാണു്— വർണ്ണം, ജാതി, എന്നീ ഭേദവിചാരങ്ങളും അസമത്വങ്ങളും ഇപ്പോൾ അതിന്റെ ഉഗ്രത കുറെ കുറച്ചിട്ടുണ്ടെങ്കിലും, ഈ ബ്രഹ്മശബ്ദമുള്ള ജാതിക്കാർ ഇരിക്കുന്ന കാലത്തോളം ജനത ഈ വ്യത്യാസത്തെക്കുറിച്ചുള്ള ഇടപാടുകളെപ്പററി ബോധവാന്മാരായിരിക്കുക തന്നെ ചെയ്യും—

ബ്രാഹ്മണർ എഴുതിവച്ച പുരാണേതിഹാസങ്ങളിൽ എവിടേയും മുഴച്ചു കാണുന്നതു ഇവിടെ മനുഷ്യ ജാതിയിൽ ബ്രാഹ്മണൻ ദൈവത്തിന്റെ അംശത്തോടുകൂടിയവനും മററുള്ളവരെല്ലാം വളരെ അകന്നവരും എന്നുള്ള ഒരു തരം ജാതി വ്യവസ്ഥയാകുന്നു— ഇന്ത്യയിൽ ഇതിനെ ആപാദചൂഡം ഖണ്ഡിച്ചിരുന്ന മഹാപുരുഷൻ ശ്രീ ബുദ്ധദേവനായിരുന്നു— പിന്നീടു ക്രിസ്തുവും മുഹമ്മദുനബിയും ദണ്ഡപാണിമുരുകനും ഗുരുനാനക്കും ഇന്ത്യയിലെ ബ്രാഹ്മണ ജാതി വ്യവസ്ഥയെ അശക്തമാക്കീട്ടുണ്ടു്— എന്നിരുന്നാലും ഭാരതത്തിൽ സംസ്കൃത സാഹിത്യങ്ങളിൽ കൂടി അവർ ഇന്നും ജീവിച്ചിരിക്കുന്നുണ്ടു്.- * * *—

## ആത്മോപദേശശതകം.

ശ്രീ നാരായണ ഗുരു രചിച്ചിരിക്കുന്ന മലയാളഭാഷയിലുള്ള ആത്മോപദേശശതകം, യോഗശാസ്ത്രം വഴിയായോ ഭക്തിമാർഗ്ഗത്തിലൂടെയോ, ശുദ്ധനിർവ്വാണ സാക്ഷാൽകാരത്തിനു പ്രയത്നിക്കുന്ന ഏതൊരു വ്യക്തിക്കും സുഗമമായൊരു സോപനമായിട്ടിരിക്കുന്നു. ഒരു ഉപനിഷത്തും, ഏതൊരു മതഗ്രന്ഥവും ഇതിനെ കവച്ചു നില്ക്കുവാൻ ഇന്നില്ല— ഏതു ഭാഷക്കാരനും മതക്കാരനും സ്വന്തംനിലയിൽ സ്വീകരിക്കാവുന്ന ഉപദേശങ്ങളാണു് ആരു

ശ്ലോകങ്ങളിൽ അടങ്ങിയിരിക്കുന്നതു. അക്കാരണത്താൽ അതൊരു സത്യവേദമാകുന്നു. ആ നൂറു ശ്ലോകങ്ങളിലും ബ്രഹ്മം എന്നൊരു ശബ്ദം വന്നിട്ടില്ല എന്നുള്ള വിജയം ശ്രീ നാരായണ ഗുരുവിനെ സ്വയമേവ ലോകഗുരുവായി ഉയർത്തിയിരിക്കുന്നു — ഈ വസ്തുത ഹൈന്ദവജനതയുടെ കണ്ണുതുറപ്പിക്കാനുള്ള ജ്ഞാനാഞ്ജന ശലാകയാകുന്നു —

**അരുളുള്ളവനാണുജീവി** എന്ന നവാക്ഷരി ജപിക്കണമെന്നു കല്പിച്ചിരിക്കുന്നതു് അനുകമ്പയുടെ മഹത്വത്തെ ഗ്രഹിക്കുന്നതിനുവേണ്ടിയാകുന്നു — ചുവടെ പറയുന്ന സൂക്തങ്ങളിൽ അനുകമ്പയുള്ള വ്യക്തിയെ പുകഴ്ത്തി പറയുന്നുണ്ടു് — അവൻ മുൻകാലങ്ങളിൽ ജീവിച്ചിരുന്ന മഹാപുരുഷന്മാരിൽ ഒരാളായിരിക്കുമോ എന്നു് ആശ്ചര്യത്തോടു കൂടി ഊഹിക്കുകയാണു് —

ഏഴും എട്ടും സൂക്തങ്ങൾ ഇവിടെ പകർത്തുന്നു —

"പുരുഷാകൃതി പൂണ്ട ദൈവമോ?
നരദിവ്യാകൃതി പൂണ്ട ധർമ്മമോ?
പരമേശ പവിത്ര പുത്രനോ?
കരുണാവാൻ നെബി മുത്തു രത്നമോ?"

"ജ്വരമാററി വിഭൂതി കൊണ്ടുമ-
ന്നരിതാം വേലകൾ ചെയ്ത മൂർത്തിയോ
അരുതാതെ വലഞ്ഞു പാടി ഒൗ-
ദരമാം നോവു കെടുത്ത സിദ്ധനോ?"

* * * * * *

**സാരം**

ഈ കരുണ (അനുകമ്പ)യുള്ള മനുഷ്യൻ ഇവിടെ പുരുഷരൂപത്തിൽ അവതരിച്ചിരിക്കുന്ന ദൈവമാണോ? (ശ്രീകൃഷ്ണൻ ഈശ്വരാംശസംഭവനാണെന്നു മതഗ്രന്ഥങ്ങളിൽ പറയുന്നു) അനുകമ്പയുള്ള മനുഷ്യൻ ആ ശ്രീകൃഷ്ണനാണോ എന്നു് ആന്തരഗതം.

രണ്ടാമതു് — ഈ അനുകമ്പയുള്ള മനുഷ്യൻ, ധർമ്മംതന്നെ ഒരു മനുഷ്യനായി ഇവിടെ ജനിച്ചതാണോ ?

ഗൗതമബുദ്ധദേവനെ യാണ് ഇവിടെ ധർമ്മത്തിന്റെ അവതാരമായി സൂചിപ്പിക്കുന്നതു്. മൂന്നാമതു് ഇത്ര കാരുണ്യമുള്ള മനുഷ്യൻ പരമശിവന്റെ പരിശുദ്ധ പുത്രനായ യേശുക്രിസ്തു ആയിരിക്കുമോ ? എന്നാണ് ഊഹിക്കുന്നതു്.

നാലാമതു് — ഈ അനുകമ്പയുള്ള മനുഷ്യൻ അറേബ്യായിൽ ജന്മമെടുത്ത കരുണാമൂർത്തിയായ മുഹമ്മദുനബി മുത്തുരത്നമായിരിക്കുമോ ? എന്നും,

അഞ്ചാമതു് ദയാദൃഷ്ടിയുള്ള ഈ മനുഷ്യൻ പണ്ടു വെറും മന്ത്രപ്രയോഗത്താൽ അത്ഭുതകൃത്യങ്ങൾ ചെയ്തിരുന്ന മൂർത്തി ആയിരിക്കുമോ ? ഇദ്ദേഹം വിഭൂതികൊണ്ടു് പാണ്ഡ്യരാജന്റെ ജ്വരം മാററിയിരുന്നു.

ആറാമതു് ഇത്രയും കാരുണ്യമുള്ള ഈ മനുഷ്യൻ ആരായിരിക്കാം — ഒരുപക്ഷേ ശിവപെരുമാനെ സ്തുതിച്ചു് ഒരു പാട്ടുപാടിയപ്പോൾ ശൂലവേദന മാററിയ സിദ്ധനായ അപ്പർ ആയിരിക്കുമോ ?

ഇങ്ങിനെ പലരെയും ഉപമിച്ചു പറഞ്ഞുകാണിച്ചിരിക്കുന്നതിൽ നിന്നു് നമ്മൾക്കു് അനുകമ്പയുടെ മാഹാത്മ്യത്തെയാണ് ഗ്രഹിക്കാനുള്ളതു്. അൻപുള്ള മനുഷ്യൻ മനുഷ്യസമൂഹത്തിലെ ദേവനാണ് — അരുൾ അൻപു് അനുകമ്പ ഈ മൂന്നും ദയാദൃഷ്ടിയുടെ പര്യായങ്ങളായതുകൊണ്ടു് മനുഷ്യൻ ദയയുള്ളവനായിത്തീരാൻ ഒരുങ്ങുമെങ്കിൽ അവൻ പ്രകാശലോകത്തുള്ള ഒരു മഹാവ്യക്തിയായി ഉയർത്തപ്പെടുന്നു എന്നുള്ള ഈശ്വരമതമാണ് ഈ അനുകമ്പാദശകത്തിൽ സംക്ഷിപ്തമായി ഉപദേശിക്കപ്പെട്ടിരിക്കുന്നതു് —

## ദണ്ഡപാണി മുരുകൻ

അനുകമ്പാദശകത്തിൽ 8 — ാമത്തെ സൂക്തി ചരിത്രപ്രധാനമായ വസ്തുതകൾ ഉൾക്കൊള്ളുന്നതുകൊണ്ടു് സംക്ഷിപ്തമായി ഇവിടെ വിവരിച്ചിരിക്കേണ്ടതു ഒരാവശ്യമായിവന്നിരിക്കുന്നു.

ദണ്ഡപാണി മുരുകനും അപ്പരെന്ന സിദ്ധനും ആചാര്യസ്വാമികളുടെ സമകാലീനന്മാരായിരുന്നു. അതുകൊണ്ടു് ശ്രീശങ്കരാചാര്യരുടെ കാലത്തെപ്പററിയും അദ്ദേഹത്തിൻെറ ഭാഷ്യത്തെ സംബന്ധിച്ചും സംക്ഷിപ്തമായി ഇവിടെ പറയുന്നുണ്ടു്.

## കാലടിയിലെ ശങ്കരാചാര്യർ

72871

ക്രിസ്ത്വാബ്ദം 825 എന്നാൽ നമ്മുടെ കൊല്ലവർഷം ഒന്നാമത്തെ കൊല്ലമാകുന്നു. ഈ ഒന്നാം കൊല്ലമാണു് ശങ്കരാചാര്യർ ജന്മമെടുത്തിരിക്കുന്ന കാലം. എന്നാൽ അതിനു് ശങ്കരവർഷമെന്നു് ഒരു നാമധേയം കൊടുക്കാതിരുന്നതു അക്കാലത്തെ പണ്ഡിതന്മാരായ നമ്പൂതിരിമാരുടെ പ്രതിഷേധത്താലും ഭരണാധികാരിയുടെ അശക്തികൊണ്ടും ആയിരുന്നു.

പിൽക്കാലങ്ങളിൽ, ശങ്കരൻ ഒരു ലോകഗുരുവാണെന്നു് ഇന്ത്യയിലെ പണ്ഡിതന്മാർ ഘോഷിക്കാൻ തുടങ്ങിയപ്പോൾ സ്വജാതീയരായ നമ്പൂതിരിമാർക്കും അഭിമാനമുണ്ടായി. എന്നാൽ ആദിശങ്കരന്റെ ജനനം തെക്കു തിരുവനന്തപുരത്തുനിന്നു് ഉദ്ദേശം അഞ്ചു നാഴിക വടക്കുള്ള മണക്കാട്ടു കാലടി എന്ന സ്ഥലത്തായിരുന്നെങ്കിലും തെക്കൻ ദേശങ്ങളിൽ നമ്പൂതിരിമാർക്കു് സ്വാധീനശക്തി ഇല്ലായിരുന്നതുകൊണ്ടു് ആ കാലടിയിൽ സ്മാരകമായൊ മററൊ ഒന്നും പ്രവർത്തിക്കുവാൻ അവർക്കു സാധിച്ചിരുന്നില്ല. ഏതാണ്ടു് മുന്നൂറുകൊല്ലങ്ങൾക്കു് മുമ്പു് വെറും കാട്ടുപ്രദേശമായിരുന്ന ഇന്നത്തെ കാലടിയാണു് ആചാര്യസ്വാമികളുടെ ജന്മസ്ഥലമെന്നു് നമ്പൂതിരിമാർ പ്രസിദ്ധമാക്കി. കൂടാതെ അവിടെ അദ്ദേഹത്തിൻെറ അമ്മയുടെ പേരിൽ ഒരു ക്ഷേത്രവും നമ്പൂതിരിമാർ പണിതിരിക്കുന്നു.

വ്യാസന്റെ ബ്രഹ്മസൂത്രത്തിനു് ശങ്കരഗുരു എഴുതിയ ഭാഷ്യത്തിൽ പഴയ സ്മൃതിയുടെ ഒരു ഭാഗമുണ്ടു്. [അതായതു് ശൂദ്രൻ വേദം (അറിവു്) വിരോധിക്കപ്പെട്ടിരിക്കുന്നു. വേദപാരായണം ചെയ്യുന്നതു ശൂദ്രൻ കേട്ടുപോയാൽ അവൻെറ ചെവിയിൽ ഈ

യവും അരക്കും ഉരുക്കി ഒഴിക്കണം. ശൂദ്രൻ വേദമന്ത്രങ്ങൾ ചൊല്ലുന്നതുകണ്ടാൽ അവനെ പിടിച്ചു കൊന്നുകളയണം.] ഇങ്ങിനെയുള്ള പ്രതിഷേധങ്ങൾ ആ ഭാഷ്യത്തിൽ ചെയ്തിരിക്കുന്ന ശങ്കരൻ ഒരിക്കലും മനുഷ്യസ്നേഹിയല്ല—ലോകഗുരുവും അല്ല—

ആ ഭാഗങ്ങൾ ബ്രഹ്മസൂത്രത്തിൽ നിന്നും ഭാഷ്യത്തിൽ നിന്നും തുടച്ചുമാറേറണ്ടുന്ന കടമ ഇന്നത്തെ പുരോഗമനവാദികൾക്കുണ്ടു്.

## ദണ്ഡപാണി മുരുകൻെറ യാത്ര

ശ്രീശങ്കരൻ ദണ്ഡപാണിയെ സന്ദർശിക്കുകയും നമസ്കരിക്കുകയുംചെയ്തിരിക്കുന്നതായി ഒരു ചരിത്രത്തിൽ പറയുന്നുണ്ടു്. അതുകൊണ്ടു് അവർ സമകാലീനർതന്നെ എന്നു വരുന്നു.

ബങ്കാളിലെ ഒരു കുഗ്രാമത്തിൽ അവതരിച്ച സുബ്രഹ്മണ്യൻ ഒരു ദിവ്യശിശുവായിരുന്നു. കുഞ്ഞിനു ഏതാണ്ടു് നാലുതികവയസ്സു പ്രായംവന്ന ശേഷം തൻെറ ഗൃഹത്തിൽ നിന്നും ഇറങ്ങി സഞ്ചാരം തുടങ്ങിയിരുന്നു—കൗപീനം മാത്രമുള്ള ഈ കുഞ്ഞിൻെറ കയ്യിൽ ഒരു വടി എപ്പോഴും ഉണ്ടായിരുന്നു. ഇക്കാരണത്താലാണു് ദണ്ഡപാണി എന്ന നാമധേയം സ്ഥിരപ്പെട്ടതു്.

തീരാവ്യാധികൾ ബാധിച്ചവൎക്കു് അല്പം ഭസ്മം കൊടുത്തു രോഗംസ്വസ്ഥമാക്കുന്ന അത്ഭുതസിദ്ധി ഈ ബാലനെപ്പററിയുള്ള ശ്രുതി നാടെങ്ങും പരത്തിതുടങ്ങി. സഞ്ചാരത്തിന്നിടയിലാണു് ഈ മനുഷ്യസേവനം തുടർന്നുനടത്തിക്കൊണ്ടിരുന്നതു്—അതു് കാരുണ്യത്തിൻെറ പ്രത്യക്ഷമായ ഒഴുക്കായിരുന്നു.

അഞ്ചുകൊല്ലത്തെ തുടർച്ചയായ യാത്രയ്ക്കുശേഷം ദക്ഷിണേന്ത്യയിലെപാണ്ഡ്യരാജ്യാതിർത്തിയിൽ ഈ മൊട്ടയാണ്ടി എത്തുകയും അവിടെ താവളമാക്കുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ പല വിഭാഗങ്ങളിലുള്ള ബുദ്ധമതങ്ങളുടെ ഗുരുക്കന്മാരായ ശ്രമണന്മാർ മന്ത്രതന്ത്രങ്ങളുടെയും ഔഷധ

ങ്ങളുടേയും സ്വാധീനമുപയോഗിച്ചുകൊണ്ടു രാജ്യവാസികളെ തങ്ങളുടെ ആജ്ഞയ്ക്കധീനരാക്കി നിറുത്തിയിരുന്നു. നാട്ടുകാർ മാത്രമല്ല, ഭരണാധികാരികളായ പ്രഭുക്കന്മാരും രാജാക്കന്മാരും ഈ ശ്രമണസംഘങ്ങളെ ഭയപ്പെട്ടു ജീവിച്ചിരുന്നു.

ശ്രമണർ കോപിച്ചാൽ മാരണമന്ത്രങ്ങളെക്കൊണ്ടു് നമ്മെ കഷ്ടപ്പെടുത്തിക്കളയും എന്നുള്ള വിശ്വാസം തെക്കെ ഇന്ത്യയിൽ സർവ്വസാധാരണമായ ഒരുപൊതുനിയമം പോലെ നിലവിലിരുന്നു.

## ശ്രമണരുടെ ജീവിതം

ശ്രമണന്മാർ വലിയ മരത്തോപ്പുകളിൽ കൂട്ടം കൂട്ടമായി ആയിരക്കണക്കായി വിശ്രമിച്ചുവന്നു. ഗ്രാമങ്ങളുടെ പുറത്തായിരിക്കും ഈ മരത്തോപ്പുകൾ.

ഗ്രാമവാസികളിലും ഭരണാധികാരികളിലും ഇവരുടെ ആജ്ഞാശക്തി അലംഘനീയമായിരുന്നു - പകൽ പന്ത്രണ്ടുമണിക്കു മുൻപേ ഈ ശ്രമണസംഘത്തിനുള്ള ആഹാരം വണ്ടികളിൽ നിറച്ചു് അതാതു ഗ്രാമക്കാർ ശ്രമണരുടെ വിഹാരങ്ങളിൽ എത്തിച്ചുകൊടുത്തിരുന്നു. യാതൊരു ജോലിയും ചെയ്യാതെ ഈ ബൗദ്ധസംഘങ്ങൾ ഗ്രാമവാസികളെ ബദ്ധപ്പെടുത്തി ജീവിതം നയിച്ചുവരികയായിരുന്നു.

എന്നാൽ ബുദ്ധോപദേശങ്ങളെപ്പററി യാതൊരു ജ്ഞാനവും ആവക്കില്ലായിരുന്നു. തങ്ങൾ നിരഗ്നികളാണു്. ഗൃഹസ്ഥജീവിതം മുക്തിമാർഗ്ഗമല്ല — എന്നും മററുമുള്ള വാദഗതികളിൽ കൂടെയായിരുന്നു അവർ ജീവിതം നയിച്ചുവന്നിരുന്നതു്.

ഇന്ത്യയിൽ ഒരിടത്തും സ്വന്തമായ സ്ഥാനമില്ലാതെ അലഞ്ഞുനടന്നിരുന്ന ലക്ഷക്കണക്കായ ബ്രാഹ്മണർ ശ്രമണസംഘങ്ങളിലേക്കു് ലയിക്കാൻ തുടങ്ങിയ കാലം മുതൽക്കാണു് ശ്രമണന്മാർ ബുദ്ധോപദേശങ്ങളിൽ നിന്നും അകന്നുതുടങ്ങിയതു്. ജനോപകാരപ്രദങ്ങളായ ആയുർവ്വേദശാസ്ത്രങ്ങളും മററും ബൌ

ദ്ധപണ്ഡിതന്മാരായിരുന്ന നിർമ്മിച്ചുവച്ചിരുന്നത്. എന്നാൽ അങ്ങിനെയുള്ള മഹാന്മാരാരും ശ്രമണസംഘങ്ങളിൽ ഉൾപ്പെട്ടവരായിരുന്നില്ല.

ശ്രമണസംഘങ്ങൾ വേവിച്ച ആഹാരമുണ്ടാക്കുകയില്ല ... അതുകൊണ്ടു അതതുസംഘങ്ങൾക്കു ആവശ്യമുള്ള ആഹാരം അയൽവാസികളായ ഗ്രാമജനങ്ങൾ തയാറാക്കി വിഹരങ്ങളിലേക്കു എത്തിച്ചുകൊടുത്തിരുന്നു.

## അപ്പർ എന്ന മഹാസിദ്ധൻ

തമിഴ്നാട്ടിലെ കർന്നൂൽജില്ലയിൽ അവ്വയാർ എന്നും അപ്പർ എന്നും നാമധേയങ്ങളുള്ള ഒരു സഹോദരിയും സഹോദരനും ശ്രീശങ്കരാചാര്യരുടെ കാലത്തു് ജീവിച്ചിരുന്നു. രണ്ടുപേരും തമിഴ് സാഹിത്യത്തിൽ ഉയർന്ന പാണ്ഡിത്യമുള്ളവരും സിദ്ധിശക്തിസമ്പാദിച്ചവരും ആയിരുന്നു.

ആ കാലത്തു് ശൈവവൈഷ്ണവമതവിഭാഗങ്ങൾ മൃതപ്രായമായി അങ്ങിനെ നിന്നിരുന്നു എന്നല്ലാതെ ജനങ്ങൾക്കു് ഈ മതവിശ്വാസങ്ങളിൽ ശ്രദ്ധ ഉണ്ടായിരുന്നില്ല.

അവ്വയാർ വിദുഷിയും കവയിത്രിയുമായിരുന്നു. അപ്പക്കു് ഏതാണ്ടു് മുപ്പതുവയസ്സു പ്രായമായപ്പോൾ അദ്ദേഹം തങ്ങടെ വംശപാരമ്പര്യത്തിലുള്ള ശൈവസിദ്ധാന്തത്തെ ഉപേക്ഷിക്കുകയും ഒരു ശ്രമണസംഘത്തിൽചെന്നുചേരുകയും ചെയ്തു.

കുറെ വർഷങ്ങൾക്കുശേഷം അപ്പർക്കു് വയററിൽ ശൂലവേദനയുടെ അസഹ്യത തുടങ്ങി. ഇടക്കു് ഒന്നുരണ്ടുപ്രാവശ്യം അപ്പർ തൻെറ സഹോദരിയെ വന്നുകാണുകയുണ്ടായെങ്കിലും ശിവപെരുമാനെ പ്രാർത്ഥിച്ചാൽ രോഗം മാറും എന്നുള്ളഅവ്വയാളുടെ ഉപദേശത്തെ അപ്പർ മാനിച്ചിരുന്നില്ല.

ശ്രമണസംഘത്തിൽ അപ്പർ നന്നായി ശോഭിക്കുകയും അവരുടെ സംഘാചാര്യനായി ഉയരുകയും ചെയ്തിരുന്നു.

അപ്പരുടെ വയറുവേദന ക്രമാതീതമായി വർദ്ധിച്ചുതുടങ്ങി. ആയുർവ്വേദഭിഷഗ്വരന്മാരായ ശ്രമണന്മാരുടെ ചികിത്സക

ളൊന്നും തന്നെ അപ്പരുടെ ശൂലവേദന മാററാൻ പര്യാപ്തമാ യില്ല. ചൂടുള്ള വെള്ളമല്ലാതെ മറെറാരു ആഹാരസാധനവും കഴി ക്കാൻ പാടില്ലെന്നുള്ള നിലയിലെത്തിയപ്പോൾ അപ്പർ വെറും എല്ലും തൊലിയും മാത്രമുള്ള ഒരു കൃശഗാത്രനായിത്തീൎന്നു. ഒന്നി നും കഴിവില്ലാതെ വന്നപ്പോൾ അദ്ദേഹം തൻെറ സ്ഥാനം ഉപേ ക്ഷിക്കുകയും ശ്രമണസംഘത്തിൽ നിന്നിറങ്ങിപ്പോകുകയും ചെയ്തു. ഈനിലയിൽ ഇനി ജീവിതം ഏറെയില്ലെന്നു് അദ്ദേ ഹത്തിനു് തോന്നി. എന്നാൽ ഈ അന്ത്യഘട്ടത്തിൽ സഹോദ രിയെ ഒന്നു കണ്ടു് തൻെറ രോഗനിലയത്തെപ്പററി പറയണമെ ന്നു് നിശ്ചയിക്കുകയും കുറെ ദിവസങ്ങളുടെ പ്രയാസമേറിയ യാത്ര പൂർത്തിയാക്കുകയുംചെയ്തു. വളരെ കൊല്ലങ്ങൾക്കു്ശേഷം കണ്ട സഹോദരൻെറ ദേഹപ്രകൃതി അത്യന്തം വഷളായതിൽ അവ്വയാർ സഹതാപത്തോടുകൂടി പറഞ്ഞു. — നിന്നോടു് ഞാൻ മുമ്പു് പറഞ്ഞിരുന്നല്ലോ — ശിവപെരുമാനെ പുകഴ്ത്തി പാടി യാൽ ഈ ശൂല മാറുമെന്നു് — നീ അതു് അനുസരിച്ചില്ല. അപ്പർ ഇതുകേട്ടപ്പോൾ നിശ്ചയിച്ചു; ഏതായാലും സഹോദരിയു ടെ ഉപദേശം സ്വീകരിക്കുക തന്നെ — ഞാൻ ഇനി മരണത്തെ യാണല്ലോ പ്രതീക്ഷിക്കുന്നതു്. അതിനിടക്കു ചിദംബരത്തേ ക്കുപൊയ്ക്കളയാം. ഈ നിശ്ചയം അപ്പർ സഹോദരിയെ അറിയി ച്ചു. അവർ സന്തോഷപൂർവ്വം ആശീർവദിക്കുകയുംചെയ്തു. അപ്പർ ചിദംബരത്തേക്കു പുറപ്പെട്ടുപോയി ഒരു ദിവസം സന്ധ്യാസമ യത്തു അദ്ദേഹം ചിദംബരത്തു ശ്രീകോവിലിൻെറ മുൻപിലെ ത്തി; അവിടെ നിന്നുകൊണ്ടു് അപ്പർ ആദിഗുരുവും ആഗമാന്ത സ്വരൂപിയുമായ ശിവപെരുമാനെ ഹൃദയത്തിൽ ലക്ഷീഭവിപ്പി ച്ചുകൊണ്ടു് ഒരു സ്തുതിപാടുകയുണ്ടായി

യാതൊരുതരം ആശയും അവശേഷിച്ചിട്ടില്ലാത്ത ആ ശുദ്ധഹൃദയത്തിൽനിന്നു് നിർഗളിച്ച ഗീതം പാടിതീൎന്ന ഉടനെ അപ്പർ ബോധരഹിതനായി അവിടെ നിലംപതിച്ചു. അല്പം കഴിഞ്ഞപ്പോൾ മോഹലാസ്യം തീർന്നുണൎന്നു. വിശപ്പുണ്ടു് —

എന്തെങ്കിലും തിന്നണം, എന്നൊരു തോന്നലാണ് ആദ്യമുണ്ടായതു്.

അദ്ദേഹം അടുത്തുള്ളൊരു ഗൃഹത്തിൽ കയറി അല്പം ആഹാരംകഴിച്ചു. യാതൊരു അസുഖവുമില്ല. ശൂലവേദന പോയിക്കഴിഞ്ഞിരുന്നു. സഹോദരിയുടെ ഉപദേശം ഫലിച്ചു എന്നു് അപ്പർക്കു വിശ്വാസം വന്നു. കുറച്ചുനാൾ അദ്ദേഹം ചിദംബരത്തുതന്നെ വിശ്രമിച്ചതിനുശേഷം തിരിച്ചു സഹോദരിയുടെ ഗൃഹത്തിലെത്തുകയും നല്ല ആഹാരങ്ങൾ കഴിച്ചുതുടങ്ങുകയും ചെയ്തു. ഒന്നുരണ്ടുമാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിനു് പൂർണ്ണമായ ആരോഗ്യം സിദ്ധിച്ചതായി അനുഭവപ്പെട്ടു.

ഈ കാലഘട്ടത്തിൽ സഞ്ചാരികളായ വണിക്കുകളിൽ നിന്നു് അവർക്കൊരു വിവരം കിട്ടി. യാതൊരു ഔഷധപ്രയോഗവും കൂടാതെ നിരവധി തീരാവ്യാധികളും ബാധകളും സ്വസ്ഥമാക്കുന്ന ഒരു അത്ഭുത ബാലൻ, കുരുടനു കാഴ്ച നൽകുന്നു, ചെകിടനു് കേൾവി ഉണ്ടാക്കുന്നു—മുടന്തന്റെ അവശത മാററി നടക്കാൻ കഴിവുണ്ടാക്കുന്നു—എന്നിങ്ങനെ അനേകം മഹാത്ഭുതങ്ങൾ നിത്യം പ്രവൃത്തിച്ചുകൊണ്ടു് പാണ്ഡ്യനാടിൻെറ അതിർത്തിയിൽ നിരവധി ശിഷ്യന്മാരോടുകൂടി വസിക്കുന്നു എന്നുള്ള വിശേഷവാർത്തയാണവർക്കു ലഭിച്ചതു്.

പ്രായം കൂടിയ ഒരു മനുഷ്യനാണെങ്കിൽ ഇങ്ങിനെ അത്ഭുതങ്ങൾ പ്രവൃത്തിക്കുന്നുഎന്നുകേട്ടാൽ നമ്മൾക്കതു മനസ്സിലാക്കാം എന്നാൽ ഒരു കൊച്ചുപയ്യൻ ഇങ്ങിനെയൊക്കെ ചെയ്യുന്നുണ്ടു് എന്നു പറയുന്നതു് നമുക്കതു നേരിൽ കാണണം—എന്നുള്ള ജിജ്ഞാസയോടുകൂടി അപ്പരും അവ്വയാളും ആ കൊച്ചുസ്വാമി ഇരിക്കുന്ന സ്ഥലത്തേക്കു പുറപ്പെട്ടു.

## മൊട്ടയാണ്ടി പാണ്ഡ്യരാജധാനിയിൽ

ശങ്കരാചാര്യരുടെ കാലത്തു മധുര ശ്രമണന്മാരുടെ വിഹാരസ്ഥലമായിരുന്നു. അന്നത്തെ പാണ്ഡ്യരാജാവിനു് ഒരുതരം

ജ്വരബാധയുണ്ടായി. ശ്രമണന്മാരുടെ ആജ്ഞകൾക്കു് വിധേയനായിരുന്ന രാജാവു് ശ്രമണഭിഷക്കുകളുടെ ഔഷധങ്ങൾ ശീലിച്ചു എങ്കിലും ജ്വരം കൂടിക്കൊണ്ടിരുന്നു.

രാജാവിന്റെ പട്ടമഹിഷി ഒരു ശൈവമതക്കാരിയായിരുന്നു. രഹസ്യമായി അവർ ശിവപൂജയും മററും ചെയ്തുകൊണ്ടിരുന്നു സഞ്ചാരികളുടെ മുഖേന നമ്മുടെ മൊട്ടയാണ്ടി പയ്യന്റെ അത്ഭുതസിദ്ധികളെപ്പററി രാജ്ഞിക്കു് അറിവു് ലഭിച്ചതുമുതൽ ആ ബാലസിദ്ധനെ രാജധാനിയിൽ കൊണ്ടുവരാനുള്ള പ്രേരണ അവർ രാജാവിനു് നൽകിക്കൊണ്ടിരുന്നു. എന്നാൽ ഭസ്മവിരോധികളായ ശ്രമണാചാര്യന്മാരോടു ഒരു ഭസ്മൗഷധക്കാരനായ സിദ്ധന്റെ കാര്യം എങ്ങിനെ പറയും എന്നോർത്തു് രാജാവു് ഭയപ്പെട്ടിരിക്കയായിരുന്നു.

ജ്വരം മൂന്നാമത്തെ ദിവസമായി—യാതൊരു ഭേദവുമില്ല! ജീവനാണല്ലോ ശ്രമണവിരോധത്തേക്കാൾ വലുതു്—അതുകൊണ്ടു് കാര്യം പറയുകതന്നെ എന്നോർത്തു് രാജാവു് തന്റെ രാജ്യാതിർത്തിയിൽ വിശ്രമിച്ചിരിക്കുന്ന ബാലയോഗിയെപ്പററി ശ്രമണാചാര്യന്മാരോടു പറഞ്ഞു. ആദ്യം അവർ വിസമ്മതം പ്രകടിപ്പിച്ചെങ്കിലും തങ്ങളുടെ വിദ്യകളൊന്നും രാജാവിന്റെ ജ്വരത്തോടു പററുന്നില്ലല്ലോ എന്നുള്ള നിരാശയുടെ ചുഴിയിൽ നിന്നൊരു സമ്മതം മൂളി.

ഉടനെ ആ സ്വാമിയെ കൊണ്ടുവരാൻ ഏർപ്പാടുചെയ്യുകയും രാജകീയ ഭടന്മാർ പരിവാരങ്ങളോടുകൂടി ദണ്ഡായുധപാണിയെ പാണ്ഡ്യരാജകൊട്ടാരത്തിൽ എത്തിക്കുകയും ചെയ്തു.

പ്രധാനികളായ എല്ലാ ശ്രമണാചാര്യന്മാരും ഹാജരായപ്പോൾ ബാലനായ വൈദ്യൻ അവിടെ പ്രത്യക്ഷപ്പെട്ടു. രാജാവിന്റെ ശയനഗൃഹത്തിലേക്കു് ആ ബാലനെ മാത്രം വിടാനെ അവർക്കു സമ്മതമുണ്ടായുള്ളു. അദ്ദേഹത്തിന്റെ സഹചാരികളിൽ പ്രധാനി അപ്പർ എന്ന സിദ്ധനായിരുന്നു.

അവ്വയാളും അപ്പറും പാണ്ഡ്യരാജ്യാതിർത്തിയിൽ ചെല്ലുകയും, മുരുകന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തിരുന്നു—

അന്നുമുതൽ അപ്പർ മുരുകന്റെ പ്രധാന അന്തെവാസിയും കാര്യസ്ഥനമായി സ്ഥാനാരോഹണംചെയ്തിരുന്നു

ഈ അപ്പരെ ശ്രമണവൈദ്യന്മാക്കു പരിചയമുള്ളതുകൊണ്ട സ്വാമിയുടെ കൂടെ അപ്പരെയും കൊണ്ടുപോകാൻ പിന്നീടു് സമ്മതിച്ചു.

പാണ്ഡ്യരാജന്റെ ശയനമുറിയിൽ മുരുകനും അപ്പരും ശ്രമണാചാര്യന്മാർ രണ്ടുപേരും മാത്രമെ ഉണ്ടായിരുന്നുള്ളു. രാജാവിന്റെ സമീപത്തേയ്ക്കു സ്വാമി ചെല്ലുകയും അദ്ദേഹത്തിന്റെ ശരീരത്തിൽ അല്പം ഭസ്മം ക്ഷേപിക്കാൻ ഭാവിക്കുകയും ചെയ്തപ്പോൾ ശ്രമണാചാര്യൻ അതു ശക്തിയായ ഭാഷയിൽ തടഞ്ഞു. "രാജാവിന്റെ ശരീരത്തിൽ ഭസ്മം തൊടാൻ പാടില്ല. അതു് ഞങ്ങൾക്കു് പ്രതിഷേധമാണു്." സ്വാമിയുടെ പ്രധാന വിദ്യ ഭസ്മമിടലാണല്ലൊ— അതു് പാടില്ല എന്നാണു് ശാഠ്യം; ഇതിനെത്തുടർന്നു് അവിടെയൊരു വാദപ്രതിവാദംതന്നെ നടന്നു.

ഇതിൽ പ്രധാനമായി സംസാരിച്ചതു് അപ്പരായിരുന്നു, അപ്പർ പറഞ്ഞു:— "ഔഷധപ്രയോഗങ്ങളുടെ മുറ പലതാണു് സ്പഷ്ടംചെയ്ത ഭസ്മപ്രയോഗം ആയുർവ്വേദശാസ്ത്രങ്ങളിൽ ഒരു പ്രധാന സ്ഥാനത്തെ അർഹിക്കുന്നുണ്ടു്. ആ മാർഗ്ഗത്തിൽ സ്വാമി പ്രയോഗിക്കുന്ന ഭസ്മം ഒരു ഔഷധത്തിന്റെ സ്ഥാനത്തു് രോഗിയെ സ്പർശിക്കുന്നതിൽ എന്തു തെററാണുള്ളതു്'" എന്ന അപ്പരുടെ യുക്തിവാദത്തിൽ ശ്രമണാചാര്യൻ ക്ഷീണിക്കുകയും ഭസ്മമുപയോഗിക്കുവാൻ സമ്മതിക്കുകയും ചെയ്തു.

അപ്പോൾ സ്വാമിപറഞ്ഞു: എന്നാൽ ആചാര്യന്മാർ ഇതുവരെ ചികിത്സിച്ചതാണല്ലൊ. അവക്കു ഒരു അവസരം കൂടി കൊടുക്കാം—അതായതു് ഞാൻ ഇടതുവശത്തെ ജ്വരംഭേദമാക്കാം മറുവശത്തെ ജ്വരം അവർ ചികിത്സചെയ്തു മാററട്ടെ. ആചാര്യന്മാർ അവിടെയും എതിർപ്പുണ്ടാക്കി— ഇടതുവശത്തു ജീവനിരിക്കുന്ന ഹൃദയത്തിന്റെ സ്ഥാനമായതുകൊണ്ടു് ആ വശം വേഗം സുഖപ്പെടുത്തുവാൻ കഴിയും. ആണ്ടി വലതുവശം സുഖമാക്കട്ടെ

എന്നൊരു വാദം വന്നതും സ്വാമി സമ്മതിച്ചു. ഉടനെ അല്പം ഭസ്മമെടുത്തു രാജാവിന്റെ ശിരസ്സു മുതൽ പാദം വരെ വലതുവശത്തു സ്വാമിയുടെ തൃക്കൈകൊണ്ടു തടവി. രണ്ടുമൂന്നു മിനിററു കഴിഞ്ഞപ്പോൾ ജ്വരം അല്പാല്പമായി കുറഞ്ഞുതുടങ്ങി. അഞ്ചു മിനിററിനുള്ളിൽ വലതുപക്ഷത്തെ ജ്വരം തീരെ പോയെങ്കിലും ഇടതുവശം ഇരട്ടിയായി വർദ്ധിക്കുകതന്നെ ചെയ്തു. ശരീരത്തിനുള്ളിൽ തീക്കനൽ കോരിയിട്ടതുപോലെ പൊള്ളൽ തുടങ്ങി. രാജാവു് വാവിട്ടു കരയുന്നതു കണ്ടു ശ്രമണന്മാർ പഠിച്ച വിദ്യകളിൽ ബാക്കിയുള്ളതു മുഴവനും അവിടെ പ്രയോഗിച്ചു നോക്കി. പക്ഷെ ഫലമൊന്നുമുണ്ടായില്ല. രാജാവു് കേണപേക്ഷിച്ചു; ആചാര്യന്മാരെ നിങ്ങൾ മതിയാക്കുക! സ്വാമി തന്നെ ഇടതുവശത്തെ ജ്വരവും ആററട്ടെ! അങ്ങിനെ ഗത്യന്തരമില്ലാത്ത പതനത്തിൽ ആ ശ്രമണാചാര്യന്മാർ പിൻമാറി.

തൽക്ഷണം സ്വാമി തന്റെ സഞ്ചിയിൽനിന്നും അല്പം ഭസ്മം എടുത്തു് ഇടതുവശത്തു് പാദംവരെ കുറച്ചുനേരം തടവിയതോടുകൂടി ജ്വരം ശമിച്ചു.

രംഗം ശാന്തമായി. രാജാവു് എഴുന്നേററിരുന്നു. അവിടെ തയാറാക്കിയിരുന്ന പൊടിയരിയുടെ കഞ്ഞി രാജാവു് കുടിക്കുകയും ക്ഷീണം തീർക്കുകയുംചെയ്തു. അങ്ങിനെ എല്ലാവരും അടുത്തുള്ള വിശാലമായ ഹാളിൽ വന്നിരുന്ന ശേഷം ശ്രമണന്മാർ പറഞ്ഞു. ഈ ജ്വരം മാററിയതു തീർച്ചയായും ഔഷധവീര്യത്താൽ അല്ലെന്നു് ഞങ്ങൾ വാദിക്കുന്നു. അതുകൊണ്ടു് ഞങ്ങൾക്കു് ഇതിൽ പ്രതിഷേധമുണ്ടു്. ഇദ്ദേഹം ബാലനെന്നിരുന്നാലും ഏതോ മാന്ത്രികശക്തിയുടെ പ്രവൎത്തനമാണിതെന്നു് ഞങ്ങൾക്കു് സംശയമുണ്ടു്. അതുകൊണ്ടു് ശക്തിപരീക്ഷ ഇനിയും വേണം. മന്ത്രിമാരെ വരുത്തി ഞങ്ങളുടെ നിശ്ചയങ്ങൾ രേഖപ്പെടുത്തണം—അടുത്തപടി അതാണാവശ്യം. രാജാവു് അവരുടെ ആവശ്യങ്ങളെ ഉടനെ നിറവേററുകതന്നെ ചെയ്തു—ഒരു ഉടമ്പടി തയാറാക്കുകയും അതിൽ ആചാര്യന്മാരും സ്വാമിയും അപ്പുറം കൈയൊപ്പുവെയ്ക്കുകയും ചെയ്തു—നിശ്ചയങ്ങൾ മൂന്നാണു്.

SEVANA … MAJAM & READING ROOM ★ ANATHANAM ★ MARGANAM

1—ാമത്തു് ജലസ്തംഭപരീക്ഷ
2—ാമത്തു് അഗ്നിസ്തംഭപരീക്ഷ
3—ാമത്തു് വായുസ്തംഭപരീക്ഷ

ഈ പരീക്ഷകളിൽ ഈ ബാലൻ തോറ്റു എന്നുവരികിൽ ബാലനും അവന്റെ കൂട്ടുകാരും ജീവിതാവസാനംവരെ ശ്രമണസംഘത്തിന്റെ വേലക്കാരായി കഴിഞ്ഞുകൂടിക്കൊള്ളണം അഥവാ ബാലൻ ജയിക്കുന്നു എങ്കിൽ ഞങ്ങൾ ഒരുത്തൻപോലും ശേഷിക്കാതെ കഴുവിൽകയറി മരിക്കുന്നതാണു്. ദിവസവും അതിന്നു സമയവും നിശ്ചയിച്ചു എല്ലാവരും പിരിഞ്ഞു.

## ശക്തിപരീക്ഷ

ശ്രമണസംഘത്തിന്റെ തോൽവി, കാട്ടുതീപോലെ നാടിന്റെ നാനാഭാഗങ്ങളിലും ഉടനെ പ്രചരിച്ചിരുന്നു — ജലസ്തംഭപരീക്ഷയുടെ ദിവസം ആയിരക്കണക്കായി ജനങ്ങൾ ആ സ്ഥലത്തു് തടിച്ചിരുന്നു. രാജാവും പരിവാരങ്ങളും സന്നിഹിതരായി ഒരു ആറിന്റെ കരയിലാണു് ജനക്കൂട്ടമിരിക്കുന്നതു്.

അതിശക്തിയായി നീരൊഴുകുന്ന ആ നദിയുടെനടുക്കു് ഒരു നറുക്കു് എറിയുക. ആ നറുക്കു് കീഴോട്ടുപോകാതെ ഒഴുക്കിന്നെതിരായി മേൽപോട്ടുപോകണം — അതാണു് പരീക്ഷ.

ആദ്യം നിശ്ചയിച്ചതനുസരിച്ചു് കൃത്യസമയത്തുതന്നെ ശ്രമണസംഘങ്ങൾ ആയിരക്കണക്കായി തയാറെടുത്തുസന്നിഹിതരായിരുന്നു അവരുടെ പ്രധാനി മന്ത്രം എഴുതിയ ഒരു ഓല നടുക്കു് നദിയുടെ ഒഴുക്കിലേക്കു് എറിഞ്ഞു അതവിടെ ചെന്നുവീണ് ഉടനെ സാധാരണഗതിയനുസരിച്ചു് ഒഴുകിപ്പോകുകതന്നെ ചെയ്തു പക്ഷെ മുൻകാലങ്ങളിൽ ഈ വിദ്യയിൽ ശ്രമണന്മാർ അത്ഭുതം പ്രകടിപ്പിച്ചിരുന്നതായിരുന്നു — അവരുടെ നറുക്കു ജലപ്രവാഹത്തിനെതിരായി മേലോട്ടുപോയിരുന്നു — എന്നാൽ ഇന്നു് ജ്ഞാനസംബന്ധരുടെ സന്നിധിയിൽ അവക്കു് പരാജയമായിരുന്നു ഫലം.

ഇനി മൊട്ടയാണ്ടിയുടെ നരക്കാണു് എറിയാനുള്ളതു്. അതു് അദ്ദേഹം തന്നെ ആ നദിയുടെ മദ്ധ്യത്തേക്കു് എറിഞ്ഞു. ന്രറായിരം ആളുകൾ കാണവെതന്നെ ആ നരക്കു് അതിവേഗത്തിൽ വെള്ളത്തിന്റെ ഉപരിഭാഗത്തുകൂടി മേലോട്ടുപോയിത്തുടങ്ങി. ഇന്നത്തെ പരീക്ഷയിൽ ശ്രമണസംഘം തോററിരിക്കുന്നു എന്നുള്ള വാൎത്ത നാടാകെ പരക്കുകയുംചെയ്തു.

അടുത്ത ആഴ്ച അഗ്നിസ്തംഭപരീക്ഷയാണു് — ജലസ്തംഭപരീക്ഷകാണാൻ കൂടിയതിലും പത്തിരട്ടി ജനക്കൂട്ടം അവിടെ തടിച്ചുകൂടിയിരുന്നു. ഒരു വലിയ അഗ്നികുണ്ഡമുണ്ടാക്കിയതിന്റെ മദ്ധ്യത്തിൽ നരക്കു് എറിയണം-ആ നരക്കു് ദഹിക്കാതെ ഇരിക്കയും വേണം അതാണു് പരീക്ഷ.

രാജാവും പരിവാരങ്ങളും പ്രഭുക്കന്മാരും മററും കൃത്യസമയത്തു് വന്നുചേൎന്നു. സമയമായപ്പോൾ ശ്രമണാചാൎയ്യൻ മന്ത്രത്താൽ ശക്തിപ്പെടുത്തിയ നരക്കു് ആ അഗ്നികുണ്ഡത്തിൽ ക്ഷേപിച്ചു. അതു ചെന്നു വീണഉടനെതന്നെ അനലൻ അതിനെ വിഴുങ്ങിക്കഴിഞ്ഞു-രണ്ടാമതു് മൊട്ടയാണ്ടിയുടെ നരക്കു് അതേ സ്ഥാനത്തു എറിയപ്പെട്ടു. ആ നരക്കു പ്രത്യക്ഷത്തിൽ ദഹിക്കാതെതന്നെ അവിടെ സ്ഥിതിചെയ്യുന്നുണ്ടായിരുന്നു.

നിരാശയും, ദേഷ്യവും, വ്യസനവും ഒരുമിച്ചു് മൂൎത്തിപൂണ്ട ശ്രമണന്മാർ ഏകകണ്ഠമായി അവരുടെ തോൽവി സമ്മതിക്കുകയും ഒരു നിമിഷം വൈകാതെ കഴുകുമരത്തിലേക്കു കുതിക്കുകയും ചെയ്തു — മൂന്നാമത്തെ പരീക്ഷ വേണ്ടെന്നുംവെച്ചു.

സ്വാമി അവരെ തടഞ്ഞുനിറുത്തി ഇങ്ങിനെ പറഞ്ഞു —

“നാം നിങ്ങളെല്ലാം നല്ലവരായി കാണാൻ ആഗ്രഹിക്കുന്നു; നിങ്ങളെ നശിപ്പിക്കാൻ ഞാൻ വന്നതല്ല. അതുകൊണ്ടു് ശാന്തരായി വസ്ത്രങ്ങളും ദേഹവും സ്വീകരിച്ചു നിങ്ങൾ ജനങ്ങൾക്കു് ഉപകാരികളായി ജീവിക്കണം-മരിക്കാൻപോകുന്നതു ഭീരുത്വം മാത്രമാണു്.”

എന്നാൽ ശ്രമണന്മാർ ഈ ഉപദേശത്തെ ആഭാസമായ സ്വരത്തിൽ നിഷേധിക്കുകയും മരിക്കാൻ ഒരുങ്ങുകയും ചെയ്തു.

കൊട്ടാരത്തിൽവെച്ചു ഇങ്ങിനെ ഒരു പരീക്ഷയുടെ കരാർ തയ്യാറാക്കിയ ഉടനെ തന്നെ രാജാവു് സ്വകാര്യമായി വളരെ അധികം കഴുകമരങ്ങൾ തയാറാക്കുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നു—കാരണം ഈ ശ്രമണസംഘങ്ങളുടെ സ്വാധീനശക്തിയുടെ കാലം അവസാനിച്ചു എന്നു് രാജാവിനു നല്ലതുപോലെ മനസ്സിലായിരുന്നു.

അങ്ങിനെ അന്നവിടെ കൂടിയ ശ്രമണസംഘങ്ങളിൽ ഒരുത്തൻപോലും ബാക്കിയാകാതെ സകലരും കഴുകിൽകയറി മരണമടഞ്ഞു.

ഈ ചരിത്രകഥയുടെ ഒരു ഭാഗം മധുരമീനാക്ഷിക്ഷേത്രത്തിൽ മരത്തിൽ കൊത്തിവെച്ചിട്ടുണ്ടു്.

പതിനാറാമത്തെ തിരുവയസ്സിൽ അപ്രത്യക്ഷനായ മുരുകൻെറ അത്യത്ഭുതകരങ്ങളായ പ്രവർത്തനങ്ങളും ജീവിതവും ദക്ഷിണഭാരതത്തിൽ ശൈവമതത്തെ പുനരുജ്ജീവിപ്പിക്കുകയും നിരവധി സിദ്ധന്മാരെ അവിടെ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

എഴുത്തുകാരായ ബ്രാഹ്മണർ യാഥാത്ഥ്യങ്ങളെ മറച്ചുവെക്കുകയും വെറും ഐതിഹ്യങ്ങളുടെ രൂപത്തിൽ അനത്ഥകഥകൾ ചമയ്ക്കുകയും ചെയ്തിരിക്കുന്നതു് ഇനിയത്തെ സത്യാന്വേഷകന്മാർ തേടിപ്പിടിച്ചു് യാഥാർത്ഥ്യങ്ങളെ പ്രചരിപ്പിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു—

മനുഷ്യൻ കർമ്മപ്രതിശരണനായതുകൊണ്ടു്, മനസ്സു് വാക്കു്, ശരീരം ഇവകളെ കൊണ്ടു ചെയ്യപ്പെടുന്ന കൃത്യത്തിനു് തക്കഫലങ്ങൾ, ഒരു ജന്മത്തിലല്ലെങ്കിൽ പലജന്മങ്ങളിൽകൂടി അനുഭവിച്ചെതീരു എന്നുള്ള വിധി നീക്കുപോക്കില്ലാത്ത ശാശ്വ

ത്വധർമ്മവ്യവസ്ഥയാകുന്നു—ഇതിനെ മതങ്ങളിൽ ഈശ്വരാജ്ഞ എന്നാണു് പറഞ്ഞിരിക്കുന്നതു്.

ഈശ്വരവിധി എന്നാൽ അപ്പപ്പോൾ ദൈവത്തിനു തോന്നിയതുപോലുള്ള വിധിയല്ലാ— ഓരോ മനുഷ്യനെയും ബാധിച്ചിരിക്കുന്ന കർമ്മഫലങ്ങളെ-(അതു നന്മയായാലും തിന്മയായാലും) —അടുത്ത ജന്മത്തിൽ കൃത്യമായി അനുഭവിപ്പിക്കുന്ന വ്യവസ്ഥയുണ്ടു്-ആ അപ്രത്യക്ഷനിയമത്തെ ശരിക്കു നിർവ്വചിക്കുവാൻ ജ്യോതിഷശാസ്ത്രത്തിനും പ്രയാസമുണ്ടു് പ്രകൃതിയുടെ ഈ അതിസൂക്ഷ്മമായ പരിപാടിയെപ്പററി ചിത്രീകരിച്ചു അതുള്ളതുപോലെ ഗ്രഹിക്കുവാൻ സാധാരണമനുഷ്യബുദ്ധി പ്രാപ്തമായിട്ടില്ല.

**അവതാരപുരുഷന്മാൎക്കും കർമ്മഫലം ബാധകമാണു്**

ഗൗതമബുദ്ധൻ പ്രാചീന ദൈവവിരോധിയും നിരീശ്വരനുമാണു് എന്നു് വൈദീകബ്രാഹ്മണർ പ്രചരിപ്പിച്ചു യഥാർത്ഥത്തിൽ ഞാൻ ബ്രഹ്മഃ എന്നുള്ള അഹങ്കാരപ്രകടനം ബുദ്ധൻ ചെയ്യാതിരുന്ന കുററമാണു് ഇവിടെ പറയാനുള്ളതു്—ബ്രഹ്മത്തെ പറഞ്ഞിരുന്നു എങ്കിൽ ബുദ്ധൻ ഈശ്വരന്മാരുടെയെല്ലാം വലിയ ഈശ്വരനായി ബ്രാഹ്മണർ എഴുതിവെച്ചിരുന്നേനെ —

സർവ്വജ്ഞത്വമാണു് ഈശ്വരസാക്ഷാൽകാരമെന്നു പറയുന്നതു്. അതു് നാരായണഗുരുവിനെപ്പോലെ ബുദ്ധദേവനും ഉണ്ടായിരുന്നു. അദ്ദേഹം ക്ഷത്രിയവംശോൽഭൂതനായിരുന്നതുകൊണ്ടു് ബ്രാഹ്മണർ അദ്ദേഹത്തെ ഉയർത്തിപ്പറഞ്ഞിരുന്നില്ല എന്നതാണു് പ്രധാന കാരണം

സർവ്വജ്ഞത്വത്തിൽ കൂടിയ ഈശ്വരത്വത്തെപ്പററി മനുഷ്യനു അറിയുവാനുള്ള ശ്രമം യുക്തിവിരുദ്ധമാണു്. ഏതാണ്ടു് ആയിരംവർഷംകൂടുമ്പോൾ ഭൂമിയിൽ മഹാപുരുഷന്മാർ ജനിക്കുന്നു എന്നു വിവേകാനന്ദൻ പറഞ്ഞിട്ടുണ്ടു്.

ഈ കണക്കനുസരിച്ചു് ബുദ്ധദേവന്റെ മഹാസമാധിക്കു് ശേഷം തികയുന്ന ആയിരം വർഷമായപ്പോൾ അറേബ്യയിൽ അബ്ദുള്ളയുടെ പുത്രനായി മുഹമ്മദു് ജനിച്ചു.

39 വയസ്സുവരെ കുലീനകുടുംബത്തിലെ ഒരംഗമായിരുന്നു എന്നല്ലാതെ യാതൊരു പ്രത്യേകതയും പറയാനില്ലായിരുന്നു— അദ്ദേഹത്തിനു അറബു്ഭാഷ എഴുതുവാനും വായിക്കാനും അറിഞ്ഞുകൂടായിരുന്നു.

പിന്നീടു് അദ്ദേഹം നബിയായി—പരിശുദ്ധ ഖുർ-ആൻ അദ്ദേഹത്തിന്റെ മുഖേന അവതരിച്ചു—ഈ ഒരു ഒററ അനുഭവം മാത്രം ശരിയായി മനുഷ്യൻ ചിന്തിക്കുമെങ്കിൽ ദൈവവാക്യങ്ങളേയും ധർമ്മശക്തികളേയും ഒരാൾക്കു് നിഷേധിക്കുവാൻ സാധിക്കുകയില്ല — ഇന്നു് ലോകത്തു് യഥാർത്ഥദൈവ (അല്ലാഹുവിന്റെ) ത്തിന്റെ മതക്കാർ മുസ്ലീങ്ങളാണു് അവരുടെ നമസ്കാരക്രമങ്ങളും സംഘപ്രാർത്ഥനയും മററു മനുഷ്യർക്കു മാതൃകയാകാനുള്ളതാണു്.

ദൈവനാമങ്ങളെ ഏതു ഭാഷയിൽ പറഞ്ഞാലും അതെല്ലാം ഏകദൈവനാമംതന്നെ എന്നു് ശ്രീനാരായണഗുരു കല്പിച്ചിട്ടുണ്ടു്. കരുണയെപ്പററി ഖുർ-ആനിൽ നിരവധി വാക്യങ്ങളുണ്ടു്.

ആയിരം കൊല്ലത്തിന്റെ കണക്കെടുക്കുമ്പോൾ ക്രി: 825നു ശേഷം അവതരിച്ച ദണ്ഡപാണി മുരുകൻ ക്രിസ്തുദേവന്റെ തന്നെ ഒരവതാരമായിരുന്നു എന്നു് ഊഹിക്കാൻ ധാരാളം ന്യായങ്ങളുണ്ടു്.

പരിശുദ്ധനായ ഈശാനബിയെ ക്രൂശിച്ചിട്ടില്ല—അങ്ങിനെ ക്രൂശിക്കാൻ മനുഷ്യനു് സാദ്ധ്യമല്ല—എന്നു് മുഹമ്മദുനബി തിരുവടികളുടെ അദീസുണ്ടു്. എന്നാൽ "ഇവൻ മതവിദ്രോധിയും ദൈവദൂഷികനുമാണു് ഇവനെ ക്രൂശിക്കണം" എന്നു് വിളിച്ചു് അലറിയ യഹൂദരുടെ ആ കർമ്മഫലമായിരിക്കണം

THYAGA SEVANA SAMAJAM & ... MANGANAM ★ ANATHANAM ★ KOTT...

അവർ ആയിരക്കണക്കായി മറെറാരു ശിവപുത്രൻെറ മുമ്പിൽ വെച്ചു ക്രൂശിൽകയറി മരിക്കേണ്ടതായി വന്നതു എന്നു് യുക്തി യുക്തമായി ഊഹിക്കാൻ വഹകളുണ്ടു്. പക്ഷെ ഇതൊക്കെ വീണ്ടും വീണ്ടും പരിശോധനക്കു് വിധേയങ്ങളായ തക്ക്വവിഷയങ്ങളാണു്. അനുഭവം കാണുമ്പോൾ സത്യാന്വേഷണത്തിനു് മാർഗ്ഗം തുറക്കാതിരിക്കയില്ല. കർമ്മഫലത്തെ മാററാൻ ആക്കും സാദ്ധ്യവുമല്ല.

## പഴനിയാണ്ടവർ (സുബ്രഹ്മണ്യസ്വാമി)

പഴനിമലയിൽ കാണുന്ന സുബ്രഹ്മണ്യപ്രതിഷ്ഠ, ഇവിടെ വിവരിച്ച ദണ്ഡപാണി മുരുകൻെറ ആകാരമാണെന്നു് അറിയുന്നു—

തിരുജ്ഞാനസംബന്ധർ, ദണ്ഡപാണി മുരുകൻ, മൊട്ടയാണ്ടി, വേലായുധസ്വാമി ഇങ്ങിനെ പലേ നാമങ്ങളിൽ അറിയപ്പെടുന്ന മൂർത്തിയുടെ ഒരു വിഗ്രഹം, പഴനിമലമേൽ പ്രതിഷ്ഠിച്ചിരിക്കുന്നതു് ഭോഗർ എന്നറിയപ്പെടുന്ന യോഗീശ്വരനായിരുന്നു. നവപാഷാണങ്ങളെ സംയോജിപ്പിച്ചാണു് ആ പ്രതിമ നിർമ്മിച്ചിരിക്കുന്നതു് എന്നാണറിയുന്നതു്.

## ധർമ്മവ്യവസ്ഥ

ഭൂമി തുടങ്ങിയ ഗ്രഹങ്ങൾ നിയതിയിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന സമയവ്യവസ്ഥ തെററാതെ ആദിത്യനെ പ്രദക്ഷിണം ചെയ്തുവരുന്നു. അതുപോലെ ചന്ദ്രനും ശുക്ലകൃഷ്ണപക്ഷങ്ങൾ നമുക്കനുഭവപ്പെടുത്തിക്കൊണ്ടു് ഭൂമണ്ഡലത്തെ പ്രദക്ഷിണം ചെയ്തുവരുന്നു. നിത്യനെയുള്ള വേലിയേററം ഇറക്കം എന്നീ പ്രവർത്തനങ്ങളും നീക്കുപോക്കില്ലാതെ നടക്കുന്നു. ഉഷ്ണമേഖലയിലുള്ള മനുഷ്യൻെറയും ഐസ്‌ലാണ്ടിലുള്ള കറിയമനുഷ്യൻേറയും രക്തത്തിന്റെ ചൂടു് ഒരേ ഡിഗ്രിയിൽതന്നെ കാണു

ന്നു. ഇതൊക്കെ ബോധശക്തിയുടെ മുൻ നിശ്ചയമനുസരി ക്കുന്നു എന്നുള്ള ധർമ്മവ്യവസ്ഥയുടെ ഉറച്ച തെളിവുകളാകുന്നു. മാററമുള്ള ഈ ബോധശക്തിക്കു് മായ എന്നും നിശ്ചലമായ ബോധപ്രകാശത്തിനു് ആദിമഹസ്സു് എന്നും പറയപ്പെടുന്നു -- --അറിവു് എന്ന ഈശ്വരപ്രകൃതിയെ മഹത്തുകൾ കരുണയായി ദർശിച്ചിരിക്കുന്നതുകൊണ്ടു്, വേദാന്ത വനത്തിൽ കയറി ഉഴ ലാതിരിക്കണമെന്നു സഹൃദയരായ മനുഷ്യരോടു് അഭ്യർത്ഥി ക്കുന്നു. ധർമ്മം എന്നാൽ ദയയോടുകൂടിയ കൃത്യങ്ങളാകുന്നു.

എറണാകുളം,
*18—3—1966.*

കുമാരസ്വാമി സന്യാസി

SEVANA SAMAJAM & READING ... MANGANAM. ... ROOM

---

Notes from പുരാതന ഭാരതം, നായരീഴവ ചരിത്രം, ധർമ്മാനന്ദകോസമ്പി എഴുതിയ ഭഗവാൻ ബുദ്ധൻ എന്നീ പുസ്തക ങ്ങളിൽ നിന്നു്. *

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 294.5304 Nar.S. Acc. No 72871

This book should be returned on or before the date last stamped below.

9 SEP 1987

26 MAR 1988

12 NOV 2018

294.5304 72871
NAR. S

ശ്രീനാരായണൻ
ശ്രീനാരായണകാവ്യതീർത്ഥം

KOTTAYAM PUBLIC LIBRARY

Call No. 294.5304 Acc. No. 72871
NAR. S

Author നാരായണൻ

Title ശ്രീനാരായണകാവ്യതീർത്ഥം

294
4
NAR. S